# ക്രൈസ്തവ
# പൊതുവിജ്ഞാനം

# ക്രൈസ്തവ
# പൊതുവിജ്ഞാനം

പി.ഒ. ലൂയിസ്

ആൻമരിയ പബ്ലിഷേഴ്സ്

*നടുവട്ടം പി.ഒ., കാലടി - 683 574*

Kraistava Pothuvijnanam

(Malayalam)

First Edition : March 2000

Revised Edition : July 2006

Internet Edition : July 2011

Author : P.O. Luise .

Copy right : To the Author

Published by : Ann Maria Publishers
Naduvattam P.O.,
Kalady - 683 574.

Type Setting : Ajus Printers
Tripunithura - 682 301.
Ph: 0484-2774891

Printed at : Bethesda Printers
Edappally, Cochin-24.

Price : Rs. 50/- (only for Printed Books)



*Dedicated to*

*our Lady of Perpetual Succour*

**പി.ഒ. ലൂയിസ്**

ജനനം കാലടിക്കടുത്തുള്ള
നടുവട്ടം എന്ന സ്ഥലത്ത്.
പിതാവ് : ഔസേഫ്, മാതാവ് : അന്നം.
വിദ്യാഭ്യാസ യോഗ്യത : B.Com, MBA, AICWA.
കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ
ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിൽ
ചീഫ് ഫിനാൻസ് മാനേജരായി ജോലി ചെയ്യുന്നു.
നടുവട്ടം ഇടവകയിൽ പത്തു വർഷം
മതാദ്ധ്യാപകനായിരുന്ന ഗ്രന്ഥകർത്താവ്
1996 മുതൽ തൃപ്പൂണിത്തുറ ഇടവകാംഗമാണ്.

ഭാര്യ : സിസി (അദ്ധ്യാപിക)
മക്കൾ : ലിയോ, ലെസ്‌ലി.

വിലാസം: പുല്ലൻ,
കൈപ്പഞ്ചേരി റോഡ്,
ഇരുമ്പനം പി.ഒ.,
തൃപ്പൂണിത്തുറ,
എറണാകുളം - 682 309.
ഫോൺ : 0484-2775533

*ഗ്രന്ഥകാരന്റെ പുസ്തകങ്ങൾ:*

1. *ദൈവമാതാവായ പരിശുദ്ധ മറിയം*
2. *ക്രൈസ്തവ പൊതുവിജ്ഞാനം*
3. *ദിവ്യകാരുണ്യ ആരാധന*
4. *അനുദിന പ്രാർത്ഥനകൾ*
5. *യേശുവിന്റെ പീഡാനുഭവ അനുസ്മരണ പ്രാർത്ഥന*
6. *കുമ്പസാരവും കുർബാന സ്വീകരണവും*
7. *വഴികാട്ടികൾ*
8. *Basic and Commercial Mathematics*
9. *Commercial Abbreviations*



## *ആശംസ*

*ശ്രീ. പി.ഒ. ലൂയിസ് തയ്യാറാക്കിയിരിക്കുന്ന 'പൊതുവിജ്ഞാന' ഗ്രന്ഥത്തെക്കുറിച്ചറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഗ്രന്ഥത്തിന് എല്ലാ വിജയങ്ങളും നേരുന്നു.*

*പ്രധാനപ്പെട്ട മതങ്ങളെക്കുറിച്ചും, കത്തോലിക്കാ സഭയെക്കുറിച്ചും ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചുമുള്ള അറിവ് നല്കുന്ന ഈ ഗ്രന്ഥം മതാദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ്. ഇതു പോലൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ തയ്യാറായ ശ്രീ. ലൂയിസിന്റെ ശ്രമം തീർച്ചയായും ശ്ലാഘനീയമാണ്. അദ്ദേഹത്തെ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയും ക്രൈസ്തവ പൊതുവിജ്ഞാനത്തിന് വലിയ പ്രചാരം ലഭിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.*

കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ
മേജർ ആർച്ചുബിഷപ്പ്
എറണാകുളം-അങ്കമാലി

എറണാകുളം
20-06-2006

# അവതാരിക



ക്രൈസ്തവ സഭാവിജ്ഞാനീയ രംഗത്തേക്ക് ഒരു വലിയ നിധി കുംഭവുമായിട്ടാണ് പി. ഒ. ലൂയിസ് കടന്നുവരുന്നത്. നൂറു പേജുകളിൽ ആയിരം അറിവുകളുടെ നുറുങ്ങുകളുമായിട്ടാണ് "ക്രൈസ്തവ പൊതുവിജ്ഞാനം" എന്ന സംജ്ഞയിൽ ഈ വിശിഷ്ട കൃതിയുടെ കാൽവയ്പ്.

കത്തോലിക്കാ സഭ, കാത്തലിക്ക് ഹയരാർക്കി, ബൈബിൾ, വിശുദ്ധർ, സന്യാസസഭകൾ, വിശുദ്ധ ഭാഷകളും വിശുദ്ധ സ്ഥലങ്ങളും, പൊതു ചോദ്യോത്തരങ്ങളും, ചരുക്കെഴുത്തുകളും, ക്രിസ്തീയ സ്ഥിതിവിവരക്കണക്കുകൾ എന്നിവ സംബന്ധിച്ച് ആധികാരികവും സംക്ഷിപ്തവുമായ അറിവുചൊരിയുന്ന ഒന്നാണ് ഈ ലഘുഗ്രന്ഥം. ഒരായിരം പേജുകളിൽ വിവരിക്കാവുന്ന കാര്യങ്ങളുടെ ചുരുക്കെഴുത്താണ് നൂറു പേജുള്ള ഈ ഗ്രന്ഥമെന്നു പറയാം.

ബൃഹദ്ഗ്രന്ഥങ്ങൾ ഇന്നു സാധാരണക്കാർക്ക് രുചികരമല്ല. അവ വായിക്കാൻ വിജ്ഞാനദാഹികൾക്കുപോലും സമയമില്ല. ടെക്സ്റ്റു ബുക്കുകൾ തന്നെ "ഗൈഡു"കൾക്കു വഴിമാറികൊടുക്കേണ്ടി വന്നിരിക്കുന്നു. എല്ലാം ഒറ്റ നോട്ടത്തിൽ ലഭിക്കണം, അതാണ് ഇന്നത്തെ മനുഷ്യന്റെ ആഗ്രഹം. ഇന്റർനെറ്റും വെബ്സൈറ്റും മറ്റും ഇന്നു അതിവേഗം പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നതിന്റെ കാരണമതാണ്.

കത്തോലിക്കാ ഗ്രന്ഥങ്ങളെ പ്രധാനമായും മൂന്നു ഗണമായി തിരിക്കാം. വിശ്വാസ സത്യങ്ങൾ സംബന്ധിയായ ഗ്രന്ഥങ്ങൾ; സദാചാരസംബന്ധിയായ ഗ്രന്ഥങ്ങൾ; സഭാചരിത്ര സംബന്ധിയായ ഗ്രന്ഥങ്ങൾ; ഇവയിലേക്കെല്ലാം ബൈബിളും സൂനഹദോസുകളും സഭാപിതാക്കന്മാരും മറ്റും കടന്നു വരുന്നുണ്ട്. 'ക്രൈസ്തവ പൊതുവിജ്ഞാനം' എന്ന കൃതി മുഖ്യമായും സഭാചരിത്രത്തിന്റെ മുഖ്യബിന്ദുക്കൾ അക്കമിട്ട് നല്കിയിട്ടുള്ള ഈ ഗ്രന്ഥം, നമ്മുടെ കത്തോലിക്കാ കുടുബങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട ഗ്രന്ഥങ്ങളിൽ ഒന്നാണെന്ന് പറയണം. കാരണം, സഭാചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളും സംഭവ വികാസങ്ങളും സ്ഥിതിവിവര ക്കണക്കുകളും ചുരുക്കെഴുത്തുകളും മറ്റും ഒരു വിശ്വാസി ഗ്രഹിച്ചിരിക്കണം. എങ്കിൽ മാത്രമേ ഒരു സഭാംഗത്തിന് സഭാപിതാക്കൻമാർ വിഭാവനം ചെയ്യുന്നതുപോലെ ഒരു "മിഷനറി" ആകുവാൻ സാധിക്കുകയുള്ളൂ; അക്രൈസ്തവ സമൂഹങ്ങളോട് സഭാസംബന്ധിയായ വിവരങ്ങൾ വ്യക്തമായി പങ്കുവയ്ക്കുവാനും, കത്തോലിക്കാ സഭാവിരുദ്ധരുടെ വാദങ്ങളെ വസ്തുനിഷ്ഠമായി നേരിടുവാനും സാധിക്കുകയുള്ളൂ. ഈ രംഗത്താണ് ഈ ഗ്രന്ഥത്തിന്റെ പ്രസക്തിയും പ്രധാന്യവും ആവശ്യകതയും വ്യക്തമാകുന്നത്.

ക്രൈസ്തവസഭാ വിജ്ഞാനീയരംഗത്ത് "ക്രൈസ്തവ പൊതു വിജ്ഞാനം" എന്ന ഈ ഗ്രന്ഥശിശുവിനെ ഒരു "മിനി കാത്തലിക് എൻസൈക്ലോപീഡിയ" എന്നു വേണമെങ്കിൽ നാമകരണം ചെയ്യാം. വാങ്മൂലപ്പരീക്ഷകളും വിനോദാർത്ഥമുള്ള പൊതുവിജ്ഞാന പരീക്ഷകളും (Quiz) മറ്റും സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്ന ആധുനിക സാഹചര്യത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ഈ ഗ്രന്ഥം ഒരു വലിയ നിധികുംഭമായിരിക്കും, ഒറ്റ നോട്ടത്തിൽ പലതും കാണുക. ഒറ്റ വാക്കിൽ അർത്ഥമോ ഉത്തരമോ നല്കുവാൻ പര്യാപ്തത പകരുക; ബൈബിൾ വിജ്ഞാനീയം, സഭാചരിത്രം, സ്ഥിതിവിവരക്കണക്കുകൾ എന്നിവ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഒരു പോക്കറ്റ് ഡയറിയിലെന്നവിധം, അഥവാ, ഒരു മിനി കംപ്യൂട്ടറിലെന്നവിധം ശേഖരിച്ചു വിന്യസിക്കുക തുടങ്ങി ഒട്ടേറെ ദൗത്യങ്ങൾ ഈ ചെറുകൃതി നിറവേറ്റും. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ കത്തോലിക്കാ ഭവനങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട സംശോധക ഗ്രന്ഥ (Reference Book) മാണിത്. മതബോധന ക്ലാസ്സുകൾ നയിക്കുന്ന വൈദികർക്കും അദ്ധ്യാപകർക്കും ഇത് ഒരു കൈത്തോഴിയുമായിരിക്കും.

ഈ ഗ്രന്ഥരചനയുടെ പിന്നിൽ വലിയ 'സാധന'യും 'വിജ്ഞാനതൃഷ്ണ'യും 'അന്വേഷണബുദ്ധി'യും 'സ്ഥിരപരിശ്രമവും' 'അവേശവും' 'കഠിനാദ്ധ്വാനവും' തളംകെട്ടിനിൽക്കുന്നതായി സൂക്ഷ്മനിരീക്ഷകർക്ക് വ്യക്തമാകും. മലയാളഭാഷയിൽ ഇത്തരമൊരു പുത്തൻ കാൽവയ്പുമായി കടന്നുവന്ന് വിജയം കൈവരിച്ച ഗ്രന്ഥകാരൻ പി. ഒ. ലൂയിസിനെ ഹൃദയപൂർവ്വം അനുമോദിച്ചുകൊണ്ട്, ഈ വിശിഷ്ടകൃതി ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**മാർ തോമസ് ചക്യത്ത്**
സഹായ മെത്രാൻ
എറണാകുളം-അങ്കമാലി അതിരൂപത

# ആമുഖം



*ശാസ്ത്രവും ചരിത്രവും മറ്റും ഉൾപ്പെടുത്തി ധാരാളം പൊതുവിജ്ഞാന ഗ്രന്ഥങ്ങൾ ഇന്നു ലഭ്യമാണ്. ക്രൈസ്തവ സഭയിലെ വിവിധ വിഷയങ്ങളെക്കുറിച്ചും ധാരാളം പുസ്തകങ്ങൾ ഉണ്ടെങ്കിലും ഒരു പൊതുവിജ്ഞാന ഗ്രന്ഥത്തിന്റെ ആവശ്യകത മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് ഈ പുസ്തകം ഞാൻ പ്രസിദ്ധീകരിക്കുന്നത്. ഏതൊരു ക്രൈസ്തവനും അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഈ പുസ്തകം വിദ്യാർത്ഥികൾക്ക് മതപഠന പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ എന്നിവയ്ക്ക് ഉത്തരം നല്കുവാനും സഹായിക്കുന്നു.*

*പുസ്തകത്തിന്റെ വലിപ്പം വർദ്ധിപ്പിക്കാതെ തന്നെ കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനു വേണ്ടി മറ്റു പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. ഏതൊരു പൊതുവിജ്ഞാനഗ്രന്ഥവും പോലെതന്നെ ഇതിലെ വിഷയങ്ങളും സ്വയം സൃഷ്ടികളല്ല. ലഭ്യമായ എല്ലാ പുസ്തകങ്ങളും പരിശോധിച്ചതിനുശേഷം അവയിൽ ഏറ്റവും വിശ്വാസ്യമായ വസ്തുതകളാണ് നല്കിയിരിക്കുന്നത്.*

*ഈ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി വായിച്ച് ആവശ്യമായ തിരുത്തലുകൾക്കും ഭേദഗതികൾക്കും നിർദ്ദേശങ്ങൾ നല്കിയ വെരി. റവ. ഫാ. തോമസ് മറ്റം, റവ. ഡോ. ജോർജ്ജ് കോയിൽപറമ്പിൽ, റവ. ഡോ. ജോർജ്ജ് കുരുക്കൂർ, റവ. ഡോ. ആന്റണി നരിക്കുളം, ബ്ര. തോമസ് നങ്ങേലിമാലിൽ, റവ. ഡോ. പോൾ തേലക്കാട്ട്, റവ. ഡോ. ജോസ് പുതിയേടത്ത്, റവ. ഫാ. ജേക്കബ് ഏറണാട്ട്, എന്നിവർക്ക് ഞാൻ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. ഹൃദ്യമായ ഒരു അവതാരിക എഴുതിയ എറണാകുളം അതിരൂപത സഹായ മെത്രാൻ മാർ തോമസ് ചക്യത്ത്, ആശംസ നല്കി അനുഗ്രഹിച്ച സീറോ-മലബാർ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ എന്നിവർക്കും ഈ ഗ്രന്ഥം നല്ല രീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തക നിർമ്മിതിയിലുടനീളം അഭിപ്രായങ്ങൾ നൽകി എന്നോടൊപ്പം സഹകരിച്ച എന്റെ സഹധർമ്മിണിയെ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ പുസ്തകത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായങ്ങളും നിരൂപണങ്ങളും നിർദ്ദേശങ്ങളും അറിയിക്കുവാൻ താൽപര്യപ്പെടുന്നു.*

**പി.ഒ. ലൂയിസ്**
തൃപ്പൂണിത്തുറ

# ഉള്ളടക്കം


| *അദ്ധ്യായം* | *പേജ്* |
|---|---|
| **1. വിവിധ മതങ്ങൾ** | |
| *വിവിധ മതങ്ങൾ* | 13 |
| *അകത്തോലിക്കാ സഭകൾ* | 21 |
| **2. കത്തോലിക്കാ സഭകൾ** | |
| *സഭകളും റീത്തുകളും* | 23 |
| *ആരാധന ക്രമം* | 25 |
| *സഭാ പിതാക്കന്മാർ, മതമർദ്ദനങ്ങൾ, പാഷണ്ഡതകൾ* | 28 |
| *സഭാചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ* | 29 |
| *ഭാരത സഭാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ* | 30 |
| *കത്തോലിക്കരുടെ തിരുനാൾ ദിവസങ്ങൾ* | 33 |
| **3. കാത്തലിക്ക് ഹയരാർക്കി** | |
| *ഹയരാർക്കി* | 35 |
| *മാർപ്പാപ്പ* | 35 |
| *കർദ്ദിനാൾ* | 39 |
| *മെത്രാൻ* | 39 |
| *ചാക്രിക ലേഖനങ്ങൾ* | 42 |
| *സൂനഹദോസുകൾ* | 43 |
| *ബിഷപ്പ്സ് കോൺഫറൻസ്* | 44 |
| **4. ബൈബിൾ** | |
| *ബൈബിൾ* | 47 |
| *പഴയ നിയമം* | 48 |
| *പുതിയ നിയമം* | 55 |
| *ബൈബിൾ വിവർത്തനം* | 57 |
| *ബൈബിളിലെ പുസ്തകങ്ങൾ* | 61 |
| **5. വിശുദ്ധർ** | |
| *പരിശുദ്ധ കന്യകാമറിയം* | 63 |
| *അപ്പസ്തോലന്മാർ* | 65 |
| *മറ്റു വിശുദ്ധർ, വാഴ്ത്തപ്പെട്ടവർ* | 67 |
| **6. സന്യാസ സഭകൾ** | 75 |
| **7. വിശുദ്ധ ഭാഷകളും വിശുദ്ധ സ്ഥലങ്ങളും** | 81 |
| **8. പൊതു ചോദ്യോത്തരങ്ങളും ചുരുക്കെഴുത്തുകളും** | 93 |
| **9. സ്ഥിതിവിവരക്കണക്കുകൾ** | |
| *വിവിധ മതവിശ്വാസികൾ* | 101 |
| *ക്രിസ്ത്യാനികൾ* | 103 |
| *കത്തോലിക്കർ* | 104 |
| *അതിരൂപതകളും രൂപതകളും* | 105 |
| *രൂപതകളും മെത്രാന്മാരും* | 106 |
| *വിവിധ സംസ്ഥാനങ്ങളിലെ ജനസംഖ്യ* | 112 |

ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ, അതു കൊണ്ടുള്ള നേട്ടം വെള്ളിയെയും സ്വർണ്ണത്തെയുംകാൾ ശ്രേഷ്ഠമാണ്.

(സുഭാഷിതങ്ങൾ 3 : 13-14)

മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ.

(മത്തായി 7:12)

നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക;
അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും.

(പ്രഭാഷകൻ 3:18)

# 1. വിവിധ മതങ്ങൾ

**A. വിവിധ മതങ്ങൾ**

1. ക്രിസ്തുമതം
2. ഇസ്ലാംമതം
3. യഹൂദമതം
4. ഹിന്ദുമതം
5. ബുദ്ധമതം
6. ജൈനമതം
7. സിക്കുമതം
8. പാർസിമതം
9. കൺഫ്യൂഷ്യനിസം
10. ഷിന്റോയിസം
11. താവോയിസം

**B. അകത്തോലിക്കാസഭകൾ**

**ദൈ**വത്തെ തേടിയുള്ള മനുഷ്യന്റെ അന്വേഷണത്തിന്റെ ഫലമായി രൂപം കൊണ്ടിട്ടുള്ളവയാണ് ലോക മതങ്ങൾ. മതം എന്നതിന് 'Religion' എന്ന് ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന പദം ലത്തീനിലുള്ള 'Religio' എന്ന വാക്കിൽനിന്നും വന്നിട്ടുള്ളതാണ്. അതിന്റെ അർത്ഥം ബന്ധം എന്നാണ്; ദൈവ-മനുഷ്യ ബന്ധം.

മതങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യവും ഒന്നുതന്നെ. സ്വർഗ്ഗം, സായൂജ്യം, മുക്തി, നിർവ്വാണം എന്നിങ്ങനെ ഈ ലക്ഷ്യങ്ങളെ വിവിധ മതങ്ങൾ അവതരിപ്പിക്കുന്നു. എന്നാൽ ഈശ്വരനെയും ഈശ്വരാനുഭവത്തിനുള്ള മാർഗ്ഗങ്ങളെയും കുറിച്ചുള്ള ധാരണകളിൽ നിലവിലിരിക്കുന്ന വ്യത്യാസങ്ങൾ ഒരു മതത്തെ മറ്റൊന്നിൽനിന്നും വേർതിരിക്കുന്നു. ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളുടെ ലഘുവിവരണം താഴെകൊടുക്കുന്നു.

## 1. ക്രിസ്തുമതം (Christianity)

ലോകത്തിലെ ഏറ്റവും വലിയ മതമാണ് ക്രിസ്തുമതം. യേശു ക്രിസ്തുവിന്റെ ജീവിതവും മരണവും ഉയർത്തെഴുന്നേൽപ്പും അടിസ്ഥാനമാക്കിയ വിശ്വാസത്തിൽ ജീവിക്കുന്നവരാണ് ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നത്. യൂദയായിലെ രാജാവായിരുന്ന ഹേറോദേസിന്റ കാലത്ത് ബി. സി. 4-ൽ ബെത്‌ലഹേമിൽ ജനിച്ച ദൈവപുത്രനായ യേശുവിന്റെ മാതാവ് മറിയവും വളർത്തുപിതാവ് യൗസേഫുമായിരുന്നു. ക്രിസ്തുവിന്റെ 12 ശിഷ്യന്മാരിലൊരുവനായ തോമസാണ് ഇന്ത്യയിൽ ക്രിസ്തുമതം പ്രചരിപ്പിച്ചത്.

| | |
|---|---|
| ക്രിസ്തുമത സ്ഥാപകൻ | - യേശു ക്രിസ്തു<br>B.C. 4 - A.D. 29, പലസ്തീന |
| വിശുദ്ധ ഗ്രന്ഥം | - ബൈബിൾ |
| വിശുദ്ധ നഗരം | - ജറുസലേം |
| ആരാധനാസ്ഥലം | - ചർച്ച് (ക്രിസ്ത്യൻ പള്ളി) |
| മതവിഭാഗങ്ങൾ : | |
| കത്തോലിക്കർ | - 56% |
| പ്രൊട്ടസ്റ്റന്റ് ക്രൈസ്തവർ | - 24% |
| കിഴക്കൻ ഓർത്തഡോക്സ് | - 10% |
| മറ്റുള്ളവർ | - 10% |
| പ്രധാന വിശേഷ ദിനങ്ങൾ : | |
| ക്രിസ്തുമസ്സ് | - യേശുവിന്റെ ജനനം (ഡിസംബർ 25) |
| ദു:ഖവെള്ളി | - യേശുവിന്റെ മരണം<br>(ഉയർപ്പു ഞായറിന്റെ തലേ വെള്ളിയാഴ്ച്ച) |
| ഈസ്റ്റർ | - യേശുവിന്റെ ഉത്ഥാനം<br>(മാർച്ച് 21-ാം തീയതിക്ക് ശേഷമുള്ള വെളുത്തവാവു കഴിഞ്ഞുള്ള ഞായറാഴ്ച്ച. മാർച്ച് 22-നും ഏപ്രിൽ25-നും മദ്ധ്യേ) |

## 2. ഇസ്ലാംമതം (Islam)

അല്ലാഹുവിന്റെ ഏകത്വവും മുഹമ്മദ് നബിയുടെ പ്രവാചകത്വവുമാണ് ഇസ്‌ലാം മതത്തിന്റെ അടിസ്ഥാന വിശ്വാസം. സലാം (Salam) എന്ന അറബിവാക്കിൽ നിന്നാണ് ഇസ്ലാം എന്ന വാക്കിന്റെ ഉത്ഭവം. സലാമിന്റെ അർത്ഥം 'സമാധാനം', 'രക്ഷ' എന്നെല്ലാമാണ്. ഇസ്ലാം എന്ന വാക്കിന് 'ദൈവത്തിന് കീഴടങ്ങൽ', 'ദൈവത്തിന് വഴങ്ങൽ' എന്നീ അർത്ഥങ്ങൾ കൊടുക്കാം. എ. ഡി. 610-നും 632-നും ഇടയിൽ പ്രവാചകൻ മുഹമ്മദിന് അല്ലാഹു വെളിപ്പെടുത്തി കൊടുത്തതാണ് ഇസ്ലാം മതം എന്ന് മുസ്ലിംങ്ങൾ വിശ്വസിക്കുന്നു. യഹൂദമതത്തിലെ എല്ലാപ്രവാചകന്മാരെയും പ്രവാചകന്മാരായിത്തന്നെ ഇസ്ലാം മതവും അംഗീകരിക്കുന്നു. ക്രിസ്തുമത



വിശ്വാസത്തിൽ ദൈവമായി ആരാധിക്കുന്ന യേശുവിനെ ദൈവപുത്രനായി ഇസ്ലാംമതം അംഗീകരിക്കുന്നില്ലെങ്കിലും മറ്റു പ്രവാചകന്മാരേക്കാൾ ഉന്നതമായ സ്ഥാനം കല്പിക്കുന്നുണ്ട്.

ഇസ്ലാമിക കലണ്ടർ ചന്ദ്രമാസം അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ചന്ദ്രബിംബത്തെപ്പറ്റി ഖുർ ആനിൽ പലയിടത്തും പരാമർശമുണ്ട്. പ്രവാചകൻ ചന്ദ്രബിംബത്തെക്കൊണ്ട് ശപഥം ചെയ്യുന്നത് ഖുറാന്റെ പലഭാഗങ്ങളിലുണ്ട്. അന്ത്യ വിധിനാളിൽ ചന്ദ്രഗ്രഹണം സംഭവിക്കും എന്നാണ് വിശ്വാസം.

| | |
|---|---|
| ഇസ്ലാമത പ്രചാരകൻ | - മുഹമ്മദ് നബി<br>എ.ഡി. 570 - 632, മെക്ക |
| വിശുദ്ധ ഗ്രന്ഥം | - ഖുർ ആൻ |
| ആരാധനാസ്ഥലം | - മോസ്ക് (മുസ്ലീം പള്ളി) |
| വിശുദ്ധ നഗരം | - മെക്ക |
| മത വിഭാഗങ്ങൾ : | |
| സുന്നി മുസ്ലിങ്ങൾ | - 83% |
| ഷിയാ മുസ്ലീങ്ങൾ | - 16% |
| ഇസ്മായേലിസം | - 1% |
| പ്രധാന വിശേഷ ദിവസങ്ങൾ: | |
| മിലാദ്-ഇ-ഷെറീഫ് | - നബിദിനം (റബ്ബി ഉൽ അവ്വൽ 12-ാം തീയതി) |
| ഈദ്-ഉൽ-ഫിത്തർ | - റംസാൻ മാസാവസാനം (ശവ്വാൽ 1-ാം തീയതി) |
| ബക്രീദ് | - ബലിപെരുന്നാൾ (ദുൽ ഹിജ്ജ 10-ാം തീയതി) |
| മുഹ്റം | - (മുഹ്റം 10-ാം തീയതി) |

## 3. യഹൂദമതം (Judaism)

ക്രിസ്തുമതത്തിന്റേയും ഇസ്ലാം മതത്തിന്റേയും മാതൃസഭയായ യഹൂദമതം ലോകത്തിലെ ഏറ്റവും പുരാതനമായ മതങ്ങളിലൊന്നാണ്. ബി. സി. 19-ാം നൂറ്റാണ്ടിൽ ദൈവത്താൽ തെരെഞ്ഞെടുക്കപ്പെട്ട അബ്രാഹമാണ് യഹൂദജനതയുടെ വംശപിതാവ് എന്ന് അവർ വിശ്വസിക്കുന്നു. അബ്രാഹത്തിന്റെ മകനായ ഇസഹാക്കിന്റെ മക്കളിൽ ഒരുവനായ യാക്കോബിന്റെ സന്തതി പരമ്പരയാണ് പിൽക്കാലത്ത് യഹൂദജനതയായി രൂപപ്പെട്ടത്.

യാക്കോബിന്റെ മറ്റൊരു പേര് 'ഇസ്രായേൽ' എന്നായതിനാൽ 'ഇസ്രായേൽക്കാർ' എന്നും ഹീബ്രുഭാഷ സംസാരിച്ചിരുന്നതിനാൽ ഹെബ്രായരെന്നും അവർ വിളിക്കപ്പെട്ടിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നും മോശയുടെ നേതൃത്വത്തിൽ കാനാൻ ദേശത്തേക്ക് നയിക്കപ്പെട്ട അവരിൽ ഭൂരിഭാഗവും പിൽക്കാലത്ത് താമസിച്ചിരുന്നത് യൂദാ എന്ന രാജ്യത്താണ്. ബി. സി. അഞ്ചാം നൂറ്റാണ്ടിലാണ് ഇവർക്ക് യഹൂദർ എന്ന പേര് വന്നത്.

| | |
|---|---|
| വിശുദ്ധ ഗ്രന്ഥം | - യഹൂദ ബൈബിൾ (തോറ, നബിയിം, കെത്തുബീം) |
| ആരാധനാസ്ഥലം | - സിനഗോഗ് |
| വിശുദ്ധ നഗരം | - ജറുസലേം |
| പ്രധാന വിശേഷ ദിനങ്ങൾ : | |
| പെസഹാ തിരുനാൾ | - ഈജിപ്തിൽ നിന്നുള്ള മോചനം (നീസാൻ 15-22(മാർച്ച്-ഏപ്രിൽ) |
| പന്തക്കുസ്ത തിരുനാൾ | - വിളവെടുപ്പ് ഉത്സവം(പെസഹാ കഴിഞ്ഞ് 50-ാം ദിവസം) |
| കൂടാരത്തിരുനാൾ | - മരുഭൂമിയിൽ കൂടാരങ്ങളിൽ വസിച്ചതിന്റെ ഓർമ്മ (തിഷ്രി 15-23, സെപ്തംബർ/ഒക്ടോബർ) |

## 4. ഹിന്ദുമതം (Hinduism)

ഇന്ത്യയിൽ ഉടലെടുത്തതും ഇന്ത്യൻ ജനതയുടെ സംസ്കാരവും ജീവിത ശൈലിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതുമായ വിശ്വാസസംഹിതകളുടെ സമുച്ചയമാണ് ഹിന്ദുമതമെന്നു പറയാം. ഇന്ത്യയിലെ ഏറ്റവും വലിയ മതമാണ് ഹിന്ദുമതം. ഹിന്ദുമത വിശ്വാസ പ്രകാരം പ്രപഞ്ചത്തിന്റെ ശക്തി കേന്ദ്രം ബ്രഹ്മം അഥവാ പരമാത്മാവ് ആണ്. ഓരോ വ്യക്തിയിലും കുടികൊള്ളുന്ന ആത്മാവ് ആ ദിവ്യ ശക്തിയുടെ ഒരു ആവിഷ്കാരമാണ്. സംശുദ്ധമായ ജീവിതം നയിച്ച് ജനന മരണ ചക്രങ്ങളിൽ നിന്ന് മോചിതനായി പരമാത്മാവിനെ പ്രാപിക്കുക എന്നതാണ് ഹിന്ദുമതത്തിന്റെ അന്തിമ ലക്ഷ്യം. ഈ അന്തിമ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള മാർഗ്ഗം സത്കർമ്മമോ, ദൈവാരാധനയോ, ധ്യാനം, സന്യാസം എന്നിവയോ ആകാം. പുരാണങ്ങളിൽ വിഷ്ണുവിന്റെ ദശാവതാരങ്ങളെപറ്റി പരാമർശിക്കുന്നു. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കൽക്കി (അവതരിക്കാനിരിക്കുന്നത്) എന്നിവയാണ് ദശാവതാരങ്ങൾ.

ഹിന്ദുമതത്തിലെ പ്രധാന ദൈവസങ്കൽപങ്ങൾ - ബ്രഹ്മാവ്, വിഷ്ണു, ശിവൻ.

| | |
|---|---|
| പ്രധാന വിശുദ്ധ ഗ്രന്ഥങ്ങൾ | - വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവത്ഗീത. (രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളും പ്രധാനപ്പെട്ടവയാണ്.) |
| ആരാധനാസ്ഥലം | - ക്ഷേത്രം |
| പ്രധാന വിശേഷദിനങ്ങൾ : | |
| ശിവരാത്രി | - മാഘ മാസത്തിലെ 14-ാം മത്തെ അർദ്ധരാത്രി |
| ദീപാവലി | - ഒക്ടോബർ / നവംബർ |
| ഹോളി | - ഫെബ്രുവരി മാസത്തിലെ വെളുത്ത വാവു ദിവസം |
| വിഷു | - ഏപ്രിൽ 14 |



| | |
|---|---|
| തിരുവോണം (കേരളത്തിന്റെ ദേശീയോത്സവം) | - ചിങ്ങ മാസത്തിൽ പൂർണ്ണ ചന്ദ്രൻ ശ്രാവണ നക്ഷത്രത്തിൽ സഞ്ചരിക്കുന്ന ദിനം. |
| വിനായക ചതുർത്ഥി (ഗണേശ ചതുർത്ഥി) | - ചിങ്ങ മാസത്തിൽ വെളുത്ത പക്ഷത്തിലെ നാലാം ദിവസം. |

## 5. ബുദ്ധമതം (Buddism)

ബി. സി. 6-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജന്മമെടുത്ത ബുദ്ധമതത്തിനാധാരം ഗൗതമബുദ്ധന്റെ ഉപദേശങ്ങളാണ്. നേപ്പാളിന്റെ അതിർത്തി പ്രദേശത്തുള്ള കപിലവസ്തുവിൽ ഒരു രാജകുടുംബ ത്തിലാണ് ശ്രീബുദ്ധനായിത്തീർന്ന സിദ്ധാർത്ഥൻ ജനിച്ചത്. ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്ന കഷ്ടതകൾക്കു കാരണമന്വേഷിച്ച് 29-ാം വയസ്സിൽ വീടുവിട്ടിറങ്ങുകയും പല സ്ഥലങ്ങളിൽ അലഞ്ഞുനടക്കുകയും പിന്നീട് തീവ്രധ്യാനത്തിൽ മുഴുകുകയും ചെയ്തു. 35-ാം വയസ്സിൽ ബീഹാറിലെ ബോധഗയ എന്നസ്ഥലത്തുവച്ചു അദ്ദേഹത്തിനു ബോധോദയം ഉണ്ടായി. ഈ ജ്ഞാനമാണ് ബുദ്ധമത തത്ത്വങ്ങളുടെ അടിസ്ഥാനമായിത്തീർന്നത്. ബുദ്ധ ദർശനത്തിലെ ത്രിരത്നങ്ങളാണ് ബുദ്ധം, ധർമ്മം, സംഘം എന്നിവ.

ബുദ്ധമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാണ് 'ആര്യസത്യ ചതുഷ്ട യവും', 'അഷ്ടാംഗ മാർഗവും'. ദു:ഖം, ദു:ഖകാരണം, ദു:ഖനിരോധം, ദു:ഖനിരോധമാർഗ്ഗം എന്നിവയാണ് 'ആര്യസത്യചതുഷ്ടയം' . ശരിയായ വിശ്വാസം, ശരിയായ ലക്ഷ്യം, ശരിയായ ഭാഷണം, ശരിയായ കർമ്മം, ശരിയായ ജീവിതരീതി, ശരിയായ പരിശ്രമം, ശരിയായ ശ്രദ്ധ, ശരിയായ ധ്യാനം എന്നിവയാണ് അഷ്ടാംഗ മാർഗ്ഗങ്ങൾ . അഹിംസയുടെ പ്രവാചകനായിരുന്നു ബുദ്ധൻ. മൗര്യ ചക്രവർത്തിയായ അശോകനാണ് ബുദ്ധമതത്തെ ഏറ്റവുമധികം പ്രോത്സാഹിപ്പിച്ചത്.

| | |
|---|---|
| സ്ഥാപകൻ | - ശ്രീബുദ്ധൻ (സിദ്ധാർത്ഥ ഗൗതമൻ) ബി. സി. 563-483, കപിലവസ്തു. |
| വിശുദ്ധഗ്രന്ഥം | - ധർമ്മപാദം |
| ആരാധനാസ്ഥലം | - ബുദ്ധക്ഷേത്രം |
| വിശുദ്ധ നഗരം | - ബുദ്ധഗയ |
| മതവിഭാഗങ്ങൾ : | |
| മഹായാന വിഭാഗം | - 56% |
| ഹീനയാന വിഭാഗം | - 38% |
| സെൻ ബുദ്ധമതം | - 6% |
| പ്രധാന വിശേഷദിവസങ്ങൾ : | |
| ബുദ്ധപൂർണിമ | - ശ്രീബുദ്ധന്റെ ജന്മദിനം (മേയ്മാസത്തിലെ പൂർണ്ണചന്ദ്രദിനത്തിൽ) |
| ബോധി ദിനം | - വെളിപാടു ലഭിച്ച ദിനം |
| പരിനിർവ്വാണ | - സമാധിദിനം |
| ഫഗുണ | - ജീവക്രമ ചക്രത്തിന്റെ ഉത്ഭവം. |

## 6. ജൈനമതം (Jainism)

ജേതാവ് എന്നർത്ഥം വരുന്ന 'ജിന' (ഇന്ദ്രിയങ്ങളെ ജയിച്ചവൻ) എന്ന വാക്കിൽ നിന്നാണ് ജൈനൻ എന്ന പദം രൂപം കൊണ്ടത്. വ്യത്യസ്ത യുഗങ്ങളിലായി ജീവിച്ച 24 തീർത്ഥങ്കരൻമാരുടെ പഠനഫലമായി രൂപപ്പെട്ടതാണ് ജൈനമതമെന്ന് പറയുന്നു. 24-ാമത്തെ തീർത്ഥങ്കരനായ വർദ്ധമാന മഹാവീരനെ ജൈനമതസ്ഥാപകനായി കരുതുന്നു.

ബീഹാറിലുള്ള വൈശാലിയിലാണ് വർദ്ധമാന മഹാവീരൻ ജനിച്ചത്. ജൂംഭി ഗ്രാമത്തിൽവച്ച് 42-ാം വയസ്സിലാണ് മഹാവീരന് ജ്ഞാനോദയം ലഭിച്ചത്. 'അഹിംസ പരമോ ധർമ്മ' എന്നത് ജൈനമതത്തിന്റെ പ്രാമാണിക മന്ത്രമാണ്. ശരിയായ വിശ്വാസം, ശരിയായ ജ്ഞാനം, ശരിയായ പ്രവൃത്തി എന്നിവ ജൈനമതത്തിലെ ത്രിരത്നങ്ങൾ എന്നറിയപ്പെടുന്നു. ഈ മാർഗ്ഗത്തിലൂടെ മോക്ഷം അഥവാ സായുജ്യം നേടാൻ കഴിയും. എന്നവർ വിശ്വസിക്കുന്നു. ദൈവത്തെപ്പറ്റി ഒന്നും പഠിപ്പിക്കാത്ത ജൈനമതം കർമ്മം, പുനർജന്മം എന്നിവയിൽ വിശ്വസിക്കുന്നു.

| | |
|---|---|
| ഉത്ഭവം | - ഋഷഭദേവൻ മുതൽ വർദ്ധമാന മഹാവീരൻ (ബി. സി. 540-468)വരെയുള്ള 24 തീർത്ഥകരന്മാരിൽ നിന്ന്. |
| വിശുദ്ധഗ്രന്ഥം | - ജൈന സൂത്രങ്ങൾ |
| ആരാധനാസ്ഥലം | - ജൈന ക്ഷേത്രം |
| പ്രധാന വിശേഷ ദിവസങ്ങൾ : | |
| മഹാവീരജയന്തി | - ചൈത്ര മാസത്തിലെ 13-ാം ദിവസം |
| രക്ഷാബന്ധനം | - മോചനത്തിന്റെ അനുസ്മരണം (ശ്രാവണ മാസത്തിലെ പൂർണ്ണ ചന്ദ്ര ദിനത്തിൽ) |

## 7. സിക്കുമതം (Sikhism)

'അഞ്ചു നദികളുടെ നാട്' എന്നു വിശേഷിക്കപ്പെടുന്ന പഞ്ചാബിലും പാക്കിസ്ഥാന്റെ ഏതാനും ചില പ്രദേശങ്ങളിലുമായി പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉടലെടുത്തതാണ് സിക്കു മതം. 'സിക്ക്' സംസ്കൃതത്തിലെ 'ശിഷ്യൻ' എന്നർത്ഥം വരുന്ന 'ശിഷ്യ' എന്ന പദത്തിൽ നിന്നുണ്ടായതാണ്. പ്രധാന ഗുരുവായ ഗുരുനാനാക്കും തുടർന്നുവന്ന 9 ഗുരുക്കൻമാരും ഉൾച്ചേർന്ന ഒരു ശിഷ്യസമൂഹമാണിത്. താടിയും തലപ്പാവുമാണ് സിക്കുകാരുടെ ബാഹ്യ അടയാളം.

ഏകദൈവ സങ്കൽപ്പമാണ് സിക്കുമതത്തിന്റെ അന്തസത്ത. ഗുരുനാനാക്ക് ദൈവത്തെ നിർവചിക്കുന്നത് സത്യമായിട്ടാണ്. ഹിന്ദു മതത്തിലെ ജനന-മരണ-പുനർജനനശ്രേണി തന്നെയാണ് സിക്കുമതവും പഠിപ്പിക്കുക. ഗുരുക്കന്മാർ ദൈവത്തിന്റെ പരമോന്നതസൃഷ്ടിയും മനുഷ്യരിൽ ശ്രേഷ്ഠരുമാണെന്ന് സിക്കുകാർ പഠിപ്പിക്കുന്നു. ഗുരുക്കന്മാരുടെ ധാർമ്മിക ശക്തി എടുത്തുകാണിക്കുവാൻ വേണ്ടി പേരുകൾക്കൊപ്പം സിങ് (സിംഹം) എന്ന പേര് ചേർത്തത് ദശഗ്രന്ഥത്തിന് രൂപംകൊടുത്ത ഗുരുഗോവിന്ദ് സിങാണ്. 1699-ൽ ഗുരു ഗോവിന്ദ് സിങ് രൂപം കൊടുത്ത സാഹോദര്യത്തിന്റെ ജീവിത മാതൃകയാണ് ഖൽസ. ഖൽസാ അംഗങ്ങൾ താഴെ കൊടുത്തിരിക്കുന്ന അഞ്ചുകാര്യങ്ങളിൽ ശ്രദ്ധിക്കുന്നു.

| | |
|---|---|
| i) കേശ് | - മുറിക്കാത്ത മുടി |
| ii) കംഗാ | - മുടി ചീകാൻ ഉപയോഗിക്കുന്ന ചീപ്പ് |
| iii) കര | - വലതുകയ്യിൽ ധരിക്കുന്ന ഇരുമ്പുവള |
| iv) കൃപാൺ | - ഇരുവശം മൂർച്ചയുള്ള വാൾ |
| v) കാച്ചാ | - മുട്ടൊപ്പം നീളമുള്ള അടിവസ്ത്രം |

| | |
|---|---|
| സ്ഥാപകൻ | - ഗുരുനാനാക്ക് എ. ഡി. 1469- 1539, പഞ്ചാബ് |
| വിശുദ്ധ ഗ്രന്ഥം | - ഗുരുഗ്രന്ഥസാഹിബ് |
| ആരാധനാസ്ഥലം | - ഗുരുദ്വാർ |
| വിശുദ്ധ നഗരം | - അമൃത്സർ |
| പ്രധാന വിശേഷ ദിനങ്ങൾ: | |
| വൈശാഖി | - പുതുവത്സരാരംഭം, സിക്ക് സമൂഹത്തിന്റെ രൂപീകരണം (ഏപ്രിൽ 13, 14) |
| ദീപാവലി | |
| ഗുരുനാനാക്കിന്റെ ജന്മദിനം | |

## 8. പാർസിമതം / സൊറാസ്ട്രിയൻമതം

അതിപുരാതന മതമായ പാർസിമതം ഉത്ഭവിച്ചത് പേർഷ്യയിലാണ് (ഇറാൻ). സൊറവാസ്തർ അഥവാ സൊറാത്തുസ്ത്ര ആണ് ഈ മതത്തിന്റെ സ്ഥാപകൻ. അഗ്നിയെ ദൈവമായി ആരാധിക്കുന്നവരാണിവർ. എ.ഡി. 8-ാം നൂറ്റാണ്ട് മുതലാണ് ഇവർ ഇന്ത്യയിലേയ്ക്കു കുടിയേറ്റം ആരംഭിച്ചത്. പേർഷ്യയിൽനിന്നു വന്നതുകൊണ്ട് ഇവർ പാർസികൾ എന്നറിയപ്പെടുന്നു.

| | |
|---|---|
| സ്ഥാപകൻ | - സൊറവാസ്തർ ബി.സി. ആറാം നൂറ്റാണ്ട്, ഇറാൻ |
| പ്രധാനദേവൻ | - അഹുര മസ്ദ |
| വിശുദ്ധഗ്രന്ഥം | - അവസ്ത |
| ആരാധനാസ്ഥലം | - അഗ്നിക്ഷേത്രം |

## 9. കൺഫ്യൂഷ്യനിസം

ചൈനയുടെ ചരിത്രത്തിൽ ഏറെ ശ്രദ്ധേയമായ മാറ്റങ്ങൾക്കു വഴിതെളിയിച്ച മതമാണ് കൺഫ്യൂഷ്യനിസം. ബി.സി. 551-ൽ ചൈനയിലെ 'ലു' എന്ന പട്ടണത്തിൽ ജനിച്ച കൺഫ്യൂഷ്യസ് സ്ഥാപിച്ച മതമാണ് കൺഫ്യൂഷ്യനിസം. കൺഫ്യൂഷ്യസ് പഠിപ്പിക്കുന്ന അഞ്ച് മൗലിക സുകൃതങ്ങളാണ് :

| | |
|---|---|
| 1. ജെൻ (Jen) | - അനുകമ്പ |
| 2. യി (Yi) | - തെറ്റായ പ്രവൃത്തിയിലുണ്ടാകേണ്ട ലജ്ജ |
| 3. ലി (Li) | - ഔചിത്യം |
| 4. ചിച് (Chich) | - ജ്ഞാനം |
| 5. ഹ്സിൻ (Hsin) | - വിശ്വസ്തത |
| സ്ഥാപകൻ | - കൺഫ്യൂഷ്യസ് (കുങ്ഫു ത്സെ) ബി.സി. 551 - 479, ചൈന |
| വിശുദ്ധഗ്രന്ഥങ്ങൾ | - വു-ചിങ്, സ്സു-ഷൂ |

## 10. ഷിന്റോയിസം

ദൈവം അല്ലെങ്കിൽ അരൂപി എന്നർത്ഥമുള്ള 'ഷിൻ', മാർഗ്ഗം എന്നർത്ഥമുള്ള 'താവോ' എന്നീ രണ്ടു ചൈനീസ് വാക്കുകളിൽ നിന്നാണ് 'ഷിന്റോ' (ദേവന്മാരുടെ മാർഗ്ഗം) എന്ന പദം രൂപപ്പെട്ടത്. ജപ്പാൻ ഭാഷയിൽ 'കാമിനോമിച്ചി' എന്നാണ് ഷിന്റോയിസത്തെ വിളിക്കുന്നത്. ജപ്പാൻ ജനതയുടെ ഏകദേശം രണ്ടായിരത്തഞ്ഞൂറ് വർഷത്തെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിലൂടെ രൂപപ്പെട്ടുവന്നതാണ് ഷിന്റോയിസം. പ്രകൃതിയിലെ ജീവജാലങ്ങളെയും (നദി, പാറ, പർവ്വതം, ചില മൃഗങ്ങൾ, സൂര്യൻ, ചന്ദ്രൻ തുടങ്ങിയവ) പൂർവ്വികരെയും ആരാധന മൂർത്തികളായി കാണുന്നവരാണ് ഷിന്റോ, വിശ്വാസികൾ

| | |
|---|---|
| ഉത്ഭവം | - ബി.സി. 8-ാം നൂറ്റാണ്ട്, ജപ്പാൻ |
| ദൈവം | - 'കാമി' എന്ന ശക്തി |
| പ്രധാന ദേവൻ | - അമർ തരാസു |
| വിശുദ്ധഗ്രന്ഥങ്ങൾ | - കോജിക്കി, നിഹോങ്കി |
| ആരാധനാസ്ഥലം | - ഷിന്റോ ദേവാലയങ്ങൾ |
| പ്രധാന വിശേഷ ദിവസങ്ങൾ : | |
| ജിയോൻ | -18-ാം നൂറ്റാണ്ടിലുണ്ടായ മഹാമാരിയിൽ നിന്നും മോചനം നേടിയ അനുസ്മരണം |
| പുതുവത്സരാരംഭം | - |
| നിനെംസായ് | - പുതുഭക്ഷണ തിരുനാൾ (നവം. 23) |



## 11. താവോയിസം

ചൈനയുടെ ചരിത്രത്തിൽ ഏറ്റവും സ്വാധീനിക്കപ്പെട്ട രണ്ടു മതങ്ങളിൽ ഒന്നാണ് താവോയിസം. 'താവോ' എന്ന സത്യത്തെ ഉണ്മയുടെ കേന്ദ്രമായി കണക്കാക്കുകയും ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ സത്യവുമായി ഐക്യപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്ന ജീവിത ശൈലിയും തത്ത്വശാസ്ത്രവും മതവുമാണ് താവോയിസം. ബി.സി. 6-ാം നൂറ്റാണ്ടിൽ കൺഫ്യൂഷ്യസിന്റെ സമകാലികനായി ജീവിച്ചിരുന്ന ലാവോത്സുവാണ് താവോയിസത്തിന്റെ സ്ഥാപകൻ. താവോ എന്ന പദത്തിന്റെ അർത്ഥം: വഴി, മാർഗ്ഗം, രീതി, മതം എന്നൊക്കെയാണ്. താവോ എന്നത് ഒരു മാർഗ്ഗമല്ല. ഒരു സത്തയാണ്. ഒന്നിലധികം ദൈവങ്ങളിൽ വിശ്വസിക്കുന്നവരാണിവർ

| | |
|---|---|
| സ്ഥാപകൻ | - ലാവോത്സൂ ബിസി 4-ാം നൂറ്റാണ്ട്, ചൈന |
| വിശുദ്ധഗ്രന്ഥം | - താവോ-തെ-ചിങ് |
| ആരാധനാസ്ഥലം | - താവോയിസ്റ്റ് ദേവാലയങ്ങൾ |

## അകത്തോലിക്കാ സഭകൾ

1. കേരളത്തിലെ അകത്തോലിക്കാ സഭകൾ :-

✡ യാക്കോബായ, മാർത്തോമ്മ, സി.എസ്.ഐ, ഇവാൻജെലിക്കൽ, നെസ്ത്തോറിയൻ, തൊഴിയൂർ, പെന്തക്കോസ്തു, യഹോവാ സാക്ഷികൾ, ബ്രദറൻ സമൂഹം, സെവന്ത് ഡേ അഡ്വെന്റിസ്റ്റുകൾ തുടങ്ങിയവ.

2. 1653 ജനുവരി 3ന് മട്ടാഞ്ചേരിയിൽ വച്ചുനടന്ന കൂനൻ കുരിശു സത്യത്തെ തുടർന്ന് കത്തോലിക്കാസഭയിൽ നിന്നും പിരിഞ്ഞുപോയവർ:-

✡ യാക്കോബായക്കാർ

3. യാക്കോബായ സഭയിലെ രണ്ടു വിഭാഗങ്ങൾ :-

✡ a) ബാവാകക്ഷി (മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ)
ആസ്ഥാനം - അന്ത്യോക്യാ, കേരളത്തിൽ - പുത്തൻകുരിശ്.

b) മെത്രാൻ കക്ഷി (മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ)
ആസ്ഥാനം - കോട്ടയം

4. യാക്കോബായ സഭയിൽ ആംഗ്ലിക്കൻ മിഷനറിമാർ പ്രവർത്തിച്ചതിന്റെ ഫലമായി രൂപംകൊണ്ട സഭ :-

✡ മാർത്തോമ്മ സഭ

5. തെക്കേ ഇന്ത്യയിലെ പ്രസ്ബിറ്റേറിയൻ, മെത്തോഡിസ്റ്റ്, ആംഗ്ലിക്കൻ എന്നീ സഭകൾ യോജിച്ച് 1947-ൽ രൂപംകൊണ്ട സഭ :-

✡ സി.എസ്.ഐ സഭ (Churches of South India)

6. ഇവാൻജെലിക്കൽ സഭ ആരംഭിച്ചത് :-

✡ 1961 ജൂൺ 26ന്

7. തൊഴിയൂർ സഭയുടെ അദ്ധ്യക്ഷനായിരുന്ന മാർ പീലക്സിനോസ് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടത് :-

✡ 1977 ഓഗസ്റ്റ് 28ന്

8. പെന്തക്കോസ്തു സഭ സ്ഥാപിച്ചത് :-

✡ റിച്ചാർ സ്പെർലിൻ എന്ന മിഷനറി 1887-ൽ അമേരിക്കയിലെ ടെന്നസ്സി എന്ന സ്ഥലത്ത്. ഇന്ത്യയിൽ ഇപ്പോൾ 43 പെന്തക്കോസ്തു സമൂഹങ്ങളുണ്ട്.

9. ചാൾസ് റസ്സൽ എന്ന പ്രൊട്ടസ്റ്റന്റ് പാസ്റ്റർ അമേരിക്കയിൽ സ്ഥാപിച്ച സഭ :-

✡ യഹോവ സാക്ഷികൾ

10. ബ്രദറൻ സമൂഹം ആരംഭിച്ചത് :-

✡ 1708-ൽ ജർമ്മനിയിൽ ഷാർസ്വാഹ് എന്ന സ്ഥലത്ത്

11. സെവന്ത് ഡേ അഡ്വെന്റിസ്റ്റ് സഭ സ്ഥാപിച്ചത് :-

✡ 1844-ൽ എലൻ ഹെർമൻ എന്ന പ്രൊട്ടസ്റ്റന്റ് അമേരിക്കൻ വനിത.

*നിങ്ങൾ വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവു കൊണ്ടു തന്നെ നിങ്ങൾക്കും അളന്നു കിട്ടും.*

*(മത്തായി 7:2)*



# 2. കത്തോലിക്കാ സഭ

- സഭകളും റീത്തുകളും
- ആരാധനക്രമം
- സഭാ പിതാക്കന്മാർ, മതമർദ്ദനങ്ങൾ, പാഷണ്ഡതകൾ
- സഭാചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ
- ഭാരത സഭാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ
- കത്തോലിക്കരുടെ തിരുനാൾ ദിവസങ്ങൾ

ചരിത്രത്തിൽ ജീവിക്കുന്ന ക്രിസ്തുവാണ് സഭ. ജറുസലേമിൽ സ്ഥാപിക്കപ്പെട്ട സഭ ഉദ്ഘാടനം ചെയ്യപ്പെട്ടത് പന്തക്കുസ്ത ദിനത്തിലാണ്. എ.ഡി. 107-ൽ അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് സഭയെ "കത്തോലിക്കാ സഭ" യെന്നു വിളിച്ചു.

## സഭകളും റീത്തുകളും

1. ആരാധനക്രമത്തിലും, ദൈവശാസ്ത്ര വീക്ഷണത്തിലും, ആദ്ധ്യാത്മികതയിലും, ഭരണ സംവിധാനത്തിലും തനതായ വ്യക്തിത്വം പുലർത്തുന്ന സഭകളെ വിളിക്കുന്ന പേര്:-

✡ വ്യക്തിസഭ (റീത്ത്)

2. റോമാ സാമ്രാജ്യം പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വിഭജിക്കപ്പെട്ടത്:-

✡ എ.ഡി. 4-ാം നൂറ്റാണ്ടിൽ

3. ഭാരതത്തിലെ റീത്തുകൾ:-

✡ ലത്തീൻ, സീറോ-മലബാർ, സീറോ മലങ്കര എന്നിവ

4. ലത്തീൻസഭ ഭാരതത്തിൽ പ്രചരിപ്പിച്ച പാശ്ചാത്യ മിഷനറിമാരിൽ പ്രധാനി:-

✡ വി. ഫ്രാൻസിസ് സേവ്യർ

5. ലത്തീൻ ഹയരാർക്കി ഇന്ത്യയിൽ സ്ഥാപിച്ചത്:-

✡ 1886 സെപ്തംബർ 1ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 'ഹുമാനെ സലൂത്തിസ്' എന്ന തിരുവെഴുത്തുവഴി.

6. സീറോ-മലബാർ ഹയരാർക്കി സ്ഥാപിച്ചത്:-

✡ 1923 ഡിസംബർ 21-ാം തീയതി 11-ാം പീയൂസ് മാർപ്പാപ്പ 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തു വഴി.

7. സീറോ-മലബാർ സഭയിലെ ആദ്യത്തെ കർദ്ദിനാൾ:-

✡ ജോസഫ് കാർഡിനൽ പാറേക്കാട്ടിൽ

8. സീറോ-മലബാർ സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പ്:

✡ ആന്റണി കാർഡിനൽ പടിയറ

9. 1930 സെപ്തംബർ 20-ാം തീയതി മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ട സമൂഹം:-

✡ സീറോ മലങ്കര സഭ

10. മാർത്തോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും അന്ത്യോക്യൻ ആരാധനക്രമവും കാത്തുസൂക്ഷിക്കുന്ന സഭ:-

✡ സീറോ മലങ്കര സഭ

11. മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചത്:-

✡ 1932-ൽ 11-ാം പീയൂസ് മാർപ്പാപ്പ 'ക്രിസ്തോരും പ്രിൻചിപ്പി'എന്ന തിരുവെഴുത്തുവഴി.

12. സിറോ-മലങ്കര സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പ്:-

✡ സിറിൽ മാർ ബസേലിയോസ്

13 കത്തോലിക്കാ സഭയിലെ വിവിധ റീത്തുകൾ

| | |
|---|---|
| I **പാശ്ചാത്യസഭ :** | 1. ലത്തീൻസഭ (റോമൻ സഭ) |
| II **പൗരസ്ത്യ സഭ :** | |
| A.അലക്സാണ്ഡ്രിയൻ- | 2. എത്യോപ്യൻ സഭ<br>3. കോപ്റ്റിക് സഭ |
| B.അന്ത്യോക്യൻ (പാശ്ചാത്യ സുറിയാനി) | 4. സിറിയൻ<br>5. സീറോ മലങ്കര<br>6. മാറോനൈറ്റ് |
| C.അർമേനിയൻ | 7. അർമേനിയൻ |
| D.കൽദായ | 8. കൽദായ<br>9. സീറോ മലബാർ |
| E.ബൈസന്റയിൻ | 10. അൽബേനിയൻ<br>11. ഇറ്റാലോ- അൽബേനിയൻ<br>12. ഉക്രേയിൻ<br>13. ബൾഗേറിയൻ<br>14. ബൈലോറഷ്യൻ<br>15. ഗ്രീക്ക്<br>16. മെൽക്കൈറ്റ്<br>17. യുഗോസ്ലാവിയൻ<br>18. സ്ലോവാക് ബൈസന്റയിൻ<br>19. ഹംഗേറിയൻ<br>20. റഷ്യൻ<br>21. റുമാനിയൻ<br>22. റുത്തേനിയൻ |



## ആരാധനക്രമം

1. ആരാധന ക്രമം (ലിറ്റർജി) :-

✡ ക്രിസ്തുവിന്റെ നാമത്തിൽ സഭ ദൈവത്തിന് അർപ്പിക്കുന്ന വി. കുർബാനയും മറ്റു കൂദാശകളും നിയമാനുസൃതം ചൊല്ലേണ്ട മറ്റു പ്രാർത്ഥനകളും (കാനോന നമസ്കാരവും ആരാധനക്രമ വത്സരവും) ഉൾക്കൊള്ളുന്ന പരസ്യാരാധന.

2. വിശുദ്ധ കുർബാന (Holy Mass):-

✡ യേശുവിന്റെ കാൽവരി ബലിയുടെ പുനരവതരണം.

✡ സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനം.

✡ ഏറ്റവും പൂർണ്ണമായ ലിറ്റർജി.

3. യേശു വിശുദ്ധകുർബാന സ്ഥാപിച്ചത് :-

✡ പെസഹാത്തിരുനാളിലെ അത്താഴത്തിൽ വച്ച്

4. വി. കുർബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ തിരുശരീരവും തിരുരക്തവുമായി മാറുന്നതിന് പറയുന്ന പേര് :-

✡ 'സത്താഭേദം' അഥവാ 'വസ്തുമാറ്റം'

5. ആരാധനക്രമ വത്സരം :-

✡ ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകര സംഭവങ്ങളോടു ബന്ധപ്പെടുത്തി ഒരു വർഷത്തെ ക്രമപ്പെടുത്തിയിരിക്കുന്നതാണ് ആരാധനക്രമ വത്സരം.

6. ആരാധനക്രമ വത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ :-

✡ ഈസ്റ്റർ (ഉയിർപ്പ് തിരുനാൾ)

**7.** സീറോ മലബാർ സഭയുടെ ആരാധനക്രമ വത്സരത്തിലെ കാലങ്ങൾ:-

| | |
|---|---|
| 1) മംഗളവാർത്തക്കാലം (രക്ഷകന്റെ ആഗമനം) | - ക്രിസ്തുമസ്സിന് മുമ്പുള്ള നാലാഴ്ചകൾ . |
| 2) പിറവിക്കാലം (രക്ഷകന്റെ ജനനം) | - ഡിസംബർ 25 മുതൽ ജനുവരി 5 വരെ. |
| 3) ദനഹാക്കാലം (മിശിഹായുടെ പ്രത്യക്ഷീകരണം) | - ജനുവരി 6 മുതൽ വലിയ നോമ്പ് ആരംഭിക്കുന്നതിന്റെ തലേദിവസം വരെ. |
| 4) നോമ്പുകാലം (മിശിഹായുടെ പീഡാസഹനം) | - ഉയിർപ്പ് തിരുനാളിന് ഒരുക്കമായുള്ള 7 ആഴ്ചക്കാലം. |
| 5) ഉയിർപ്പുകാലം (മിശിഹായുടെ ഉത്ഥാനം) | - ഉയിർപ്പ് തിരുനാൾ മുതൽ പന്തക്കൂസ്താ തിരുനാളിന്റെ തലേദിവസം വരെ. |
| 6) ശ്ലീഹാക്കാലം (ശ്ലീഹന്മാരുടെ പ്രവർത്തനം, സഭയുടെ ആരംഭം) | - പന്തക്കുസ്ത തിരുനാൾ മുതൽ 7 ആഴ്ചകൾ. |

7) കൈത്താക്കാലം (സഭയുടെ വളർച്ച) - ശ്ലീഹാക്കാലം കഴിഞ്ഞുവരുന്ന ഞായർ മുതൽ 7 ആഴ്ചകൾ.

8) ഏലിയാ-സ്ലീവാ-മൂശക്കാലം (കർത്താവിന്റെ പ്രത്യാഗമനം) - കൈത്താക്കാലത്തിനും പള്ളിക്കൂദാശ കാലത്തിനും ഇടയിലുള്ള ആഴ്ചകൾ.

9) പള്ളിക്കൂദാശക്കാലം ( സഭാ സമർപ്പണം) - മംഗള വാർത്തക്കാലത്തിനു മുമ്പുള്ള 4 ആഴ്ചകൾ.

**8.** ലത്തീൻ സഭയുടെ ആരാധനക്രമ വത്സരത്തിലെ കാലങ്ങൾ:-

1) പെസഹാ മഹാരഹസ്യാനുസ്മരണ കാലം:

a) പെസഹാ ത്രിദിനം - വലിയ വ്യാഴാഴ്ച മുതൽ ദുഃഖശനി വരെ.

b) പെസഹാക്കാലം - ഉയിർപ്പു ഞായറാഴ്ച മുതൽ പന്തക്കുസ്ത തിരുനാൾ വരെ.

c) നോമ്പുകാലം - വിഭൂതി ബുധനാഴ്ച മുതൽ വലിയ വ്യാഴാഴ്ച വരെ.

2) മനുഷ്യാവതാര രഹസ്യാനുസ്മരണകാലം:-

a) തിരുപ്പിറവിക്കാലം - ക്രിസ്തുമസ്സ് രാത്രിമുതൽ പ്രത്യക്ഷീകരണ തിരുനാൾ വരെ.

b) ആഗമനകാലം - ഡിസംബർ 1ന് തൊട്ടുമുമ്പുള്ള ഞായറാഴ്ച മുതൽ ഡിസംബർ 24 വരെ.

3) ആണ്ടുവട്ടം - മുകളിൽ പറഞ്ഞ കാലങ്ങൾ ഉൾപ്പെടാത്ത ദിവസങ്ങൾ (33 അഥവാ 34 ആഴ്ചകൾ).

4) വിശുദ്ധരുടെ തിരുനാളുകൾ - പ. കന്യാമറിയത്തിന്റെയും വിശുദ്ധരുടേയും തിരുനാളുകൾ ആരാധനാ വത്സരത്തിനിടയ്ക്ക് ആചരിക്കുന്നു.

9. സീറോ-മലങ്കര സഭയുടെ ആരാധനക്രമവത്സരത്തിലെ കാലങ്ങൾ:

1) സുബോറൊക്കാലം (അറിയിപ്പ്) - ഒക്ടോബർ 29-ാം തീയതിക്കു ശേഷമുള്ള ഞായറാഴ്ച മുതൽ യൽദോകാലം ആരംഭിക്കുന്നതുവരെ.

2) യൽദോക്കാലം (ദനഹക്കാലം) - ക്രിസ്തുമസ്സിന് ഒരാഴ്ച മുമ്പുമുതൽ വലിയ നോമ്പ് തുടങ്ങുന്നതുവരെ.

3) വലിയ നോമ്പുകാലം - ഉയിർപ്പു തിരുനാളിനു മുമ്പുള്ള ഏഴാഴ്ചക്കാലം.

4) ക്യംതാക്കാലം (ഉയിർപ്പുകാലം) - ഉയിർപ്പു ഞായറാഴ്ച മുതൽ പെന്തക്കൊസ്ത വരെയുള്ള ഏഴാഴ്ചകൾ.



5) പെന്തക്കൊസ്തക്കാലം (ശ്ലീഹാക്കാലം) - പെന്തക്കൊസ്ത തിരുനാൾ മുതൽ ആഗസ്റ്റ് 5 വരെയുള്ള കാലം.

6) തേജസ്കരണക്കാലം - ആഗസ്റ്റ് 6 മുതൽ സെപ്തംബർ 13 വരെ.

7) സ്ലീബാക്കാലം - സെപ്തംബർ 14 മുതൽ സൂബോറൊക്കാലം ആരംഭിക്കുന്നതു വരെ.

10. കാണപ്പെടാത്ത വരപ്രസാദം നല്കുന്നതിനുവേണ്ടി ഈശോമിശിഹായാൽ സ്ഥാപിക്കപ്പെട്ടതും കാണപ്പെട്ടതുമായ അടയാളം:-

✡ കൂദാശകൾ

11. കൂദാശ എന്ന വാക്കിന്റെ അർത്ഥം:-

✡ വിശുദ്ധീകരിക്കുന്ന കർമ്മം

12. ഏഴു കൂദാശകൾ (The Seven Sacraments) :-

1. മാമ്മോദീസ (ജ്ഞാനസ്നാനം) - Baptism

ഉത്ഭവ പാപവും, ഉണ്ടെങ്കിൽ കർമ്മ പാപവും നീക്കി ദൈവത്തിന്റെ മക്കളും സ്വർഗ്ഗത്തിന് അവകാശികളുമാക്കിത്തീർക്കുന്ന കൂദാശ.

2. സ്ഥൈര്യലേപനം - Confirmation

പരിശുദ്ധാരൂപിയെ നല്കി നന്മയിൽ ഉറച്ചു നില്ക്കുവാൻ പ്രേരിപ്പിക്കുന്ന കൂദാശ.

3. കുർബാന(ദിവ്യകാരുണ്യം) - The Holy Eucharist

അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിൽ ക്രിസ്തുവിന്റെ ശരീരവും തിരുരക്തവും, ആത്മാവും ഉൾക്കൊള്ളുന്ന കൂദാശ.

4. കുമ്പസാരം - Confession

ജ്ഞാനസ്നാനത്തിനു ശേഷം ചെയ്ത പാപങ്ങൾക്ക് മോചനം നല്കുന്ന കൂദാശ.

5. രോഗിലേപനം - Anointing of the Sick

ഗൗരവമായ രോഗത്തിൽ രോഗിയുടെ ആത്മാവിന് നന്മ നല്കുന്നതിനും ആത്മാവിന് ഉപകരിക്കുമെങ്കിൽ ശരീരത്തിനും സുഖം നൽകുന്നതുമായ കൂദാശ.

6. തിരുപ്പട്ടം - Holy order

മെത്രാന്മാരേയും, വൈദികരേയും, തിരുസഭയിലെ മറ്റു ശുശ്രൂഷകരേയും അതത് പദവിയിലേക്ക് ഉയർത്തുകയും ദൈവാരാധനയും ആത്മാക്കളുടെ രക്ഷയും സംബന്ധിച്ച് തങ്ങളുടെ വിശുദ്ധ കർത്തവ്യങ്ങളെ അനുഷ്ഠിക്കുന്നതിനു വേണ്ട അധികാരവും ദൈവവരപ്രസാദവും നൽകുകയും ചെയ്യുന്ന കൂദാശ.

7. വിവാഹം - Matrimony

പുരുഷനും സ്ത്രീയും തമ്മിൽ വിശുദ്ധവും മരണംവരെ വേർ പിരിയാത്തതുമായ ഐക്യത്തെ ഉളവാക്കുന്നതും, പരസ്പരം നിർമ്മലമായി സ്നേഹിക്കുന്നതിനും മക്കളെ ക്രിസ്തീയമായി വളർത്തുന്നതിനും, ദൈവവര പ്രസാദം അവർക്ക് നല്കുന്നതുമായ കൂദാശ.

# സഭാ പിതാക്കന്മാർ, മതമർദ്ദനങ്ങൾ, പാഷണ്ഡതകൾ

1. സഭാപിതാക്കന്മാർ:-
   - ✡ ആദ്യനൂററാണ്ടുകളിൽ ക്രൈസ്തവ തത്വസംഹിതകളേയും വിശുദ്ധ രഹസ്യങ്ങളെപ്പറ്റിയും എഴുതുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതരും വിശുദ്ധരുമായ സഭാദ്ധ്യക്ഷന്മാർ.
2. അപ്പസ്തോല പിതാക്കന്മാർ:-
   - ✡ ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ജീവിച്ചിരുന്ന ക്രിസ്തീയ ഗ്രന്ഥകാരന്മാർ.
3. വിശ്വാസ സംരക്ഷകർ:-
   - ✡ രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി ദുരാരോപണങ്ങളും ഭീഷണികളും ഉയർന്നപ്പോൾ സത്യവിശ്വാസം സംരക്ഷിക്കുവാൻ എഴുതുകയും പ്രവർത്തിക്കുകയും ചെയ്തവർ.
4. സഭാ പണ്ഡിതന്മാർ:-
   - ✡ ഏഴാം നൂറ്റാണ്ടിനുശേഷം സഭയിലുണ്ടായിട്ടുള്ള വിശുദ്ധരും വിജ്ഞാനികളുമായിട്ടുള്ള പ്രബോധകർ.
5. മതമർദ്ദനങ്ങൾ നിരോധിച്ചുകൊണ്ട് ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം നല്കിയത്:-
   - ✡ കോൺസ്റ്റന്റയിൻ ചക്രവർത്തി, എ.ഡി 313 ലെ മിലാൻ വിളംബരത്തിലൂടെ.
6. ക്രിസ്തുമത മർദ്ദനം നടത്തിയ റോമാ ചക്രവർത്തിമാർ:-
   - ✡ നീറോ (54-68), ഡൊമിഷ്യൻ (81-96), ട്രാജൻ (98-117), ഹഡ്രിയാൻ (117-138), അന്റൊണിനസ് (138-161), ഔറെലിയൂസ് (161-180), സെപ്തിമിയസ് (193-211), ഡേഷ്യസ് (249-251), വലേരിയൻ (253-260), ഡയോക്ലീഷൻ (284-305) എന്നിവർ.
7. സഭയുടെ യഥാർത്ഥ വിശ്വാസത്തിനും പ്രബോധനത്തിനും ചേരാത്ത അബദ്ധ സിദ്ധാന്തം:-
   - ✡ പാഷണ്ഡത
8. സഭാചരിത്രത്തിലെ പ്രധാന പാഷണ്ഡതകൾ:-
   - ✡ യഹൂദ പാഷണ്ഡതകൾ, ജ്ഞാനവാദം, മനിക്കേയിസം, മൊണാർക്കിയനിസം, സബോർഡിനേഷനിസം, ആര്യനിസം, അപ്പോള്ളിനാരിസം, നെസ്തോറിയനിസം, ഏക സ്വഭാവ വാദം, ഏകേച്ഛാ വാദം, പെലാജിനിസം, മാസിഡോണിയനിസം എന്നിവ.



# സഭാചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ

1. **കുരിശു യുദ്ധങ്ങൾ** (എ.ഡി. 1095 മുതൽ 1272 വരെ)

   മുസ്ലീങ്ങൾ പിടിച്ചെടുത്ത തിരുക്കല്ലറയും മറ്റു വിശുദ്ധ സ്ഥലങ്ങളും വീണ്ടെടുക്കുന്നതിനും, അവരുടെ ആക്രമണങ്ങളിൽനിന്നും പശ്ചിമ യൂറോപ്പിനെ സംരക്ഷിക്കുന്നതിനും വേണ്ടി മാർപ്പാപ്പമാരുടെ അനുവാദത്തോടെ പാശ്ചാത്യ ക്രൈസ്തവർ നടത്തിയ യുദ്ധങ്ങളാണ് കുരിശു യുദ്ധങ്ങൾ എന്ന പേരിലറിയപ്പെടുന്നത്. എ.ഡി. 1095 മുതൽ 1272 വരെ പ്രധാനപ്പെട്ട എട്ടു കുരിശു യുദ്ധങ്ങളാണുണ്ടായത്.

2. **അവിഞ്ഞോൺ പ്രവാസം** (എ.ഡി 1309 മുതൽ 1376 വരെ)

   സഭയുടെ ആസ്ഥാനമായിരുന്ന റോമിൽ ആഭ്യന്തര കലഹങ്ങൾമൂലം മാർപ്പാപ്പമാർ ഫ്രാൻസിലെ അവിഞ്ഞോൺ പട്ടണത്തിൽ ആസ്ഥാനമുറപ്പിച്ച, എ.ഡി 1309 മുതൽ 1376 വരെയുള്ള കാലഘട്ടത്തെയാണ് അവിഞ്ഞോൺ പ്രവാസം എന്നു പറയുന്നത്.

3. **പാശ്ചാത്യ ശീശ്മ** (എ.ഡി 1378 മുതൽ 1417 വരെ)

   സഭയോടുള്ള ഐക്യത്തിൽനിന്നും ഭിന്നിച്ചു നില്ക്കുന്നതിനെയാണ് ശീശ്മ എന്നു പറയുന്നത്. സഭയോടുള്ള ഐക്യത്തെ തകർത്തുകൊണ്ട് പരസ്പരം മത്സരിക്കുന്ന ഒന്നിലേറെ മാർപ്പാപ്പമാരും ഭരണ കേന്ദ്രങ്ങളുമൊക്കെ പാശ്ചാത്യ സഭയിലുണ്ടായത് പാശ്ചാത്യ ശീശ്മ എന്ന പേരിലറിയപ്പെടുന്നു. കോൺസ്റ്റാൻസിലെ സൂനഹദോസ് ആണ് ഇതിനു പരിഹാരം കണ്ടെത്തിയത്.

4. **നവോത്ഥാനം** (14-ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ 16-ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ)

   ഗ്രീക്ക്-റോമൻ സംസ്കാരത്തിന്റെ പുനർജന്മവും തത്ഫലമായി വിദ്യാഭ്യാസം, കല, സാഹിത്യം, ശാസ്ത്രം എന്നീ രംഗങ്ങളിൽ യൂറോപ്പിലുണ്ടായ അത്ഭുതകരമായ പരിവർത്തനങ്ങളുമാണ് 'നവോത്ഥാനം' എന്ന് ലോക ചരിത്രത്തിലറിയപ്പെടുന്നത്. 'ഹ്യൂമനിസ്റ്റുകൾ' എന്ന പേരിൽ പ്രസിദ്ധരായ ചിന്തകന്മാർ നവോത്ഥാനത്തിന്റെ പ്രചാരകരായി രംഗത്തുവന്നു. മനുഷ്യവ്യക്തിയുടെ പ്രാധാന്യം ഊന്നിപ്പറയാൻവേണ്ടി അവർ പ്രകൃത്യതീത ശക്തികളെ തിരസ്ക്കരിക്കുകയും മനുഷ്യബുദ്ധിയെ സർവ്വസ്വവുമായി കരുതുകയും ചെയ്തു. അച്ചടി യന്ത്രത്തിന്റെ കണ്ടുപിടുത്തത്തോടെ ബൈബിൾ കൂടുതൽ പ്രചരിച്ചു തുടങ്ങിയതുവഴി വി. ഗ്രന്ഥ പഠനത്തെ പ്രോത്സാഹിപ്പിക്കാൻ നവോത്ഥാനത്തിനു കഴിഞ്ഞു. എന്നാൽ നവോത്ഥാനത്തിന്റെ അനിയന്ത്രിതമായ മുന്നേറ്റം വഴി ആന്തരിക നവോത്ഥാനത്തിനു പകരം ഭൗതീക നവോത്ഥാനത്തിന് പ്രാധാന്യം നല്കപ്പെട്ടു. ദൈവത്തേയും ദൈവീക മൂല്യങ്ങളേയും അവഗണിക്കാനുള്ള പ്രവണത മനുഷ്യനിൽ ശക്തിപ്പെട്ടു. തന്മൂലം സഭയുടെ ആദ്ധ്യാത്മിക ചൈതന്യത്തിന് സാരമായ കോട്ടം സംഭവിച്ചു.

**5. പ്രൊട്ടസ്റ്റന്റു വിപ്ലവവും ആംഗ്ലിക്കൻ സഭയും** (16-ാം നൂറ്റാണ്ട്)

ജർമ്മനിയിൽ 1517-ൽ മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ തുടങ്ങിയ മതവിപ്ലവമാണ് പ്രൊട്ടസ്റ്റന്റ് വിപ്ലവം എന്നറിയപ്പെടുന്നത്. മധ്യയുഗത്തിൽ ദൈവശാസ്ത്രത്തിലുണ്ടായ ചില തെറ്റായ വീക്ഷണങ്ങൾ, വികലമായ ആരാധന ക്രമം, റോമൻ കൂരിയായിൽ ഉണ്ടായ ക്രമക്കേടുകൾ തുടങ്ങിയവയെല്ലാം വിപ്ലവത്തിലേക്കു നയിക്കാനിടയായ കാരണങ്ങളാണ്.

ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമൻ രാജാവിന്റെ ഭാര്യയായ കാതറിന്റെ തോഴിയായ ആനിബോളിനെ സഭയുടെ അംഗീകാരമില്ലാതെ വിവാഹം ചെയ്തതിനാൽ രാജാവിനെ സഭാഭ്രഷ്ടനാക്കി. അതിൽ പ്രതിഷേധിച്ച് പാർലമെന്റ് 1534 നവംബർ 3ന് പരമാധികാര നിയമം പാസ്സാക്കി. അതനുസരിച്ച് ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരി രാജാവു മാത്രമായിരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. 1547-ൽ ഹെന്റിയുടെ മരണത്തിനു ശേഷം പ്രൊട്ടസ്റ്റന്റു സഭയുടെ വിശ്വാസ പ്രമാണവും മെത്രാൻ കേന്ദ്രീകൃത ഭരണവുമടങ്ങിയ ഒരു പുതിയ സഭ 'ആംഗ്ലിക്കൻ സഭ' എന്ന പേരിൽ ഇംഗ്ലണ്ടിന്റെ ഒദ്യോഗിക മതമായി.

## ഭാരത സഭാ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ

**1. തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനം**

ക്രിസ്തു ശിഷ്യനായ വി. തോമസ് എ.ഡി 52 ലാണ് കേരളത്തിലെ കൊടുങ്ങല്ലൂർ തുറമുഖത്ത് വന്നിറങ്ങിയത്. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തന ഫലമായി നിരവധി കുടുംബങ്ങൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. തോമാശ്ലീഹാ കേരളത്തിൽ 7 പള്ളികൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ (ചായൽ) എന്നിവിടങ്ങളിലാണ് ഈ പള്ളികൾ. കേരളത്തിലെ പ്രേഷിത പ്രവർത്തനത്തിനുശേഷം തോമാശ്ലീഹാ ഇപ്പോഴത്തെ ചെന്നൈ അടുത്ത് മൈലാപ്പൂരിൽ പ്രവർത്തനമാരംഭിച്ചു. എ.ഡി. 72 ജൂലൈ 3-ാം തീയതി ഒരു പൂജാരി അദ്ദേഹത്തെ കുന്തം കൊണ്ട് കുത്തി കൊലപ്പെടുത്തി. തോമാശ്ലീഹാ പ്രാർത്ഥിച്ചിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന മലയാറ്റൂർ മല ഇന്ന് കേരളത്തിലെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ്. ഭാരതത്തിലെ പുരാതന ക്രൈസ്തവ സമൂഹം "മാർത്തോമ്മാ ക്രിസ്ത്യാനികൾ"എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

**2. കിനായിത്തൊമ്മന്റെ ആഗമനം**

തെക്കേമെസൊപ്പൊട്ടേമിയായിൽ ടൈഗ്രീസ് നദിയുടെ തീരത്തുള്ള പുരാതന പട്ടണമായ കീനായിൽനിന്ന് വാണിഭനായ തോമ എ.ഡി 345-ൽ 72 കുടുംബങ്ങളിൽപ്പെട്ട നാനൂറോളം ആളുകളോടെ കപ്പൽ യാത്രചെയ്ത് കൊടുങ്ങല്ലൂർ തുറമുഖത്തെത്തി. അന്നത്തെ കൊടുങ്ങല്ലൂർ പട്ടണത്തിന്റെ തെക്കു ഭാഗത്ത് രാജകല്പന പ്രകാരം അവർ താമസമാക്കി.



തെക്കേ മെസൊപ്പൊട്ടേമിയയിൽനിന്നു വന്നതിനാലും കൊടുങ്ങല്ലൂർ പട്ടണത്തിന്റെ തെക്കു ഭാഗത്തു താമസിച്ചിരുന്നതിനാലും ഈ കുടിയേറ്റക്കാരും അനുയായികളും ചരിത്രത്തിൽ തെക്കും ഭാഗക്കാർ എന്നറിയപ്പെട്ടു. തെക്കുംഭാഗ (ക്നാനായ) സമുദായത്തിന് സ്ഥാപിതമായ പ്രത്യേക രൂപതയാണ് ഇന്നുള്ള കോട്ടയം അതിരൂപത.

**3. പോർച്ചുഗീസ് ആധിപത്യം**

ഇന്ത്യയുമായി വ്യാപാരബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 1498 മെയ് 21-ന് വാസ്കോഡിഗാമ കോഴിക്കോടിനടുത്ത് കാപ്പാട് എന്ന സ്ഥലത്ത് വന്നിറങ്ങി. 1499-ൽ അദ്ദേഹം പോർച്ചുഗലിൽ തിരിച്ചെത്തിയപ്പോൾ, പോർച്ചുഗീസ് രാജാവ് അടുത്ത പര്യടന സംഘത്തെ പെദ്രോ അൽവാരെസ് കബ്രാളിന്റെ നേതൃത്വത്തിൽ ഇന്ത്യയിലേയ്ക്കയച്ചു. 1500-ൽ അവർ മലബാറിലെത്തി. ഈ സംഘത്തിൽ ഉണ്ടായിരുന്ന ഫ്രാൻസിസ്കൻ മിഷനറിമാർ ഇവിടെ പ്രേഷിത പ്രവർത്തനം ആരംഭിച്ചു. 1502-ൽ വാസ്കോഡിഗാമ വീണ്ടും ഇന്ത്യയിലെത്തി. 15 കപ്പലുകളും 800 ആളുകളുമുള്ള സംഘത്തോടുകൂടി വന്ന അദ്ദേഹം സാവധാനം കേരളത്തിൽ പോർച്ചുഗീസ് ആധിപത്യം സ്ഥാപിച്ചു. ഇന്ത്യയിൽ ലത്തീൻ സഭയ്ക്ക് സുസംഘടിതമായ ഒരുതുടക്കം കുറിച്ചത് പോർച്ചുഗീസുകാരാണ്.

**4. ഉദയംപേരൂർ സൂനഹദോസ്** (എ.ഡി. 1599)

കേരളത്തിൽ സമാന്തരമായി വളർന്നുവന്ന രണ്ടു ക്രൈസ്തവ സമൂഹങ്ങളായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും ലത്തീൻ കത്തോലിക്കർക്കും പൊതുവായ ആരാധന ക്രമങ്ങൾ, ഭരണ സംവിധാനം തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ട് 1599-ൽ ഗോവാ മെത്രാപ്പോലീത്തയായിരുന്ന ഡോ. അലക്സിസ് ഡി. മെനേസിസ് തൃപ്പൂണിത്തുറയ്ക്കടുത്തുള്ള ഉദയംപേരൂരിൽ വിളിച്ചു കൂട്ടിയ സൂന്നഹദോസാണിത്. കേരളത്തിലെ 133 വൈദീകരും 20 ഡീക്കന്മാരും 660 ഇടവക പ്രതിനിധികളും സൂന്നഹദോസിൽ പങ്കെടുത്തു.

കേരള സഭയെ കൽദായ പാത്രിയർക്കീസിന്റെ അധികാരത്തിൽനിന്നും വേർപെടുത്തി മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിലാക്കുക, ലത്തീൻ ആരാധനക്രമം സുറിയാനി ഭാഷയിലാക്കി ഉപയോഗിക്കുക, വൈദീകർ ബ്രഹ്മചര്യം നിർബന്ധമാക്കുക, ക്രൈസ്തവരുടെ ഇടയിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നീക്കം ചെയ്യുക എന്നിവ സൂന്നഹദോസിലെടുത്ത തീരുമാനങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

**5. കൂനൻ കുരിശു സത്യം** (എ.ഡി 1653)

ഉദയംപേരൂർ സൂന്നഹദോസിനുശേഷം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിലപ്പെട്ട ചില നല്ല പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും നിർത്തലാക്കിയതും ആരാധനക്രമത്തിലുണ്ടായ പാശ്ചാത്യവത്ക്കരണവും ആർച്ചു ഡീക്കന്റെ അവകാശാധികാരങ്ങൾ വെട്ടിക്കുറച്ചതും അവരുടെയിടയിൽ അതൃപ്തി ഉളവാക്കി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ

അപേക്ഷയനുസരിച്ച് പൗരസ്ത്യ പാത്രിയർക്കീസ് അയച്ച മെത്രാനെ സ്വീകരിക്കുവാൻ ആർച്ചു ഡീക്കൻ തോമായുടെ നേതൃത്വത്തിൽ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു. എന്നാൽ മെത്രാനെ അവിടെ ഇറക്കാതെ പോർച്ചുഗീസുകാർ ഗോവയിലേക്ക് കൊണ്ടുപോയി. ഇതിൽ പ്രതിഷേധം പ്രകടിപ്പിക്കുവാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിലെ ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥിച്ച ശേഷം പള്ളിയുടെ വടക്കുഭാഗത്ത് തെരുവിന് പടിഞ്ഞാറെ വശത്തുള്ള മരക്കുരിശിൽ (ഇപ്പോൾ ഭ്രാന്തൻ കുരിശ് എന്നറിയപ്പെടുന്നു) ആലാത്തു കെട്ടി അതിൽ പിടിച്ചുകൊണ്ട് ഈശോസഭാ വൈദീകരെ ഒരിക്കലും അനുസരിക്കുകയില്ലെന്ന് സത്യം ചെയ്തു. തങ്ങളുടെ ഭരണ കർത്താവ് ആർച്ചു ഡീക്കനാണെന്നും അവർ ഏറ്റു പറഞ്ഞു. 1653 ജനുവരി 3-ന് നടന്ന ഈ സംഭവമാണ് കൂനൻ കുരിശു സത്യം എന്നറിയപ്പെടുന്നത്.

**6. പുനരൈക്യം**

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാ ചരിത്രത്തിലെ സുപ്രധാന സംഭവമാണ് 1930 സെപ്തംബർ 20ന് മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യം. സെറാമ്പൂർ സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ഫാ. പി.റ്റി. ഗീവർഗീസ് (മാർ ഇവാനിയോസ്) കേരളത്തിൽ ബഥനി ആശ്രമവും മഠവും തുടങ്ങി. യാക്കോബായ സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനു വഴി തെളിച്ച ശക്തിയുടെ ഉറവിടമായിരുന്നു ബഥനി സന്യാസ സമൂഹങ്ങൾ. 1925-ൽ 42-ാം വയസ്സിൽ ഗീവർഗീസച്ചൻ മാർ ഇവാനിയോസ് എന്ന പേരിൽ മെത്രാനായി അഭിഷിക്തനായി. കൂനൻ കുരിശു സത്യത്തെ തുടർന്ന് സഭയിൽനിന്നു ഭിന്നിച്ചു പോയവരിൽ ഒരു വിഭാഗം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാനുള്ള സംരംഭത്തിന് നേതൃത്വം കൊടുത്തത് മാർ ഇവാനിയോസായിരുന്നു. പുനരൈക്യത്തിനു റോമിൽനിന്നും പ്രത്യേകം ചുമതലപ്പെടുത്തിയ കൊല്ലം ബിഷപ്പ് ബൻസിഗറിന്റെ മുമ്പിൽ 1930 സെപ്തംബർ 20ന് സത്യപ്രതിജ്ഞ നടത്തി മാർ ഇവാനിയോസും, മാർ തെയോഫിലസും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന് ബഥനി സന്യാസ സമൂഹത്തിലെ ബഹുഭൂരിപക്ഷം വൈദീകരും എല്ലാ ബഥനി സന്യാസിനികളും കത്തോലിക്കാ സഭയുമായി ഐക്യത്തിലെത്തി. 1932 -ൽ 11-ാം പീയൂസ് മാർപ്പാപ്പ "ക്രിസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തു വഴി "മലങ്കര കത്തോലിക്കാ ഹയരാർക്കി" സ്ഥാപിച്ചു.

പുനരൈക്യത്തിന്റെ ചരിത്രത്തിലെ മറ്റൊരു പ്രധാന സംഭവമാണ് തൊഴിയൂർ സ്വതന്ത്ര സഭയുടെ അദ്ധ്യക്ഷനായിരുന്ന പൗലോസ് മാർ പീലക്സിനോസ് 1977 ആഗസ്റ്റ് 28ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്.



## കത്തോലിക്കരുടെ തിരുനാൾ ദിവസങ്ങൾ

### A. ദിവസങ്ങൾക്കു പ്രാധാന്യമുള്ള തിരുനാളുകൾ

| | |
|---|---|
| 1. ഈസ്റ്റർ (ഉയിർപ്പുതിരുനാൾ) | മാർച്ച് 21-ാം തീയതിക്ക് ശേഷമുള്ള വെളുത്തവാവു കഴിഞ്ഞുള്ള ഞായറാഴ്ച. (മാർച്ച് 22-നും ഏപ്രിൽ 25-നും മദ്ധ്യേ). |
| 2. ഓശാന ഞായർ | ഉയിർപ്പുതിരുനാളിനു തൊട്ടുമുമ്പുള്ള ഞായറാഴ്ച. |
| 3. പെസഹാ വ്യാഴം | ഓശാനഞായർ കഴിഞ്ഞുവരുന്ന വ്യാഴാഴ്ച. |
| 4. ദുഃഖ വെള്ളി | പെസഹാ വ്യാഴത്തിന്റെ പിറ്റേ ദിവസം. |
| 5. ദുഃഖ ശനി | നോമ്പുകാലത്തിന്റെ അവസാന ദിവസം. |
| 6. സ്വർഗ്ഗാരോഹണം | ഈസ്റ്ററിന്റെ 40-ാം ദിവസം വ്യാഴാഴ്ച. |
| 7. പന്തക്കുസ്ത തിരുനാൾ | ഈസ്റ്ററിന്റെ 50-ാം ദിവസം ഞായറാഴ്ച. |
| 8. പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ | പന്തക്കുസ്ത തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച. |
| 9. വി. കുർബാനയുടെ തിരുനാൾ | പന്തക്കുസ്ത കഴിഞ്ഞ് 12-ാം ദിവസം വ്യാഴാഴ്ച. |
| 10. തിരുഹൃദയത്തിന്റെ തിരുനാൾ | വി. കുർബാനയുടെ തിരുനാൾ കഴിഞ്ഞ് 8-ാം ദിവസം വെള്ളിയാഴ്ച. |
| 11. മറിയത്തിന്റെ വിമല ഹൃദയ തിരുനാൾ | ഈശോയുടെ തിരുഹൃദയ തിരുനാളിന്റെ പിറ്റേന്ന് ശനിയാഴ്ച. |
| 12. ക്രിസ്തുരാജന്റെ തിരുനാൾ | മംഗളവാർത്ത കാലത്തിനു മുമ്പുള്ള ഞായർ. |

## B. തീയതികൾക്കു പ്രാധാന്യമുള്ള തിരുനാളുകൾ

| | | |
|---|---|---|
| ജനുവരി | 1 | ദൈവമാതാവ്, കർത്താവിന്റെ ഛേദനാചാരം |
| | 3 | വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസ് ചാവറ |
| | 6 | ദനഹാത്തിരുനാൾ (പ്രത്യക്ഷവത്കരണ തിരുനാൾ) |
| | 20 | വി. സെബസ്ത്യാനോസ് |
| ഫെബ്രുവരി | 2 | കർത്താവിന്റെ കാഴ്ചവെപ്പ് |
| | 11 | ലൂർദ്ദ് മാതാവ് |
| മാർച്ച് | 19 | വി. യൗസേഫിന്റെ മരണ തിരുനാൾ |
| | 25 | മംഗളവാർത്ത തിരുനാൾ |
| ഏപ്രിൽ | 23 | വി. ഗീവർഗീസ്, ഓസനാം ദിനം |
| | 25 | വി. മർക്കോസ് |
| മെയ് | 1 | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേഫ് |
| | 31 | മാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു. |
| ജൂൺ | 1 | തിരുഹൃദയത്തിന്റെ വണക്കമാസാരംഭം |
| | 13 | വി. അന്തോണീസ് |
| | 24 | സ്നാപക യോഹന്നാൻ (യോഹന്നാൻ മാംദാന) |
| | 29 | പത്രോസ്-പൗലോസ് ശ്ലീഹന്മാർ |
| ജൂലൈ | 3 | തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ |
| | 16 | കർമ്മല മാതാവ് |
| | 26 | ജൊവാക്കിം, അന്ന |
| | 28 | വാഴ്ത്തപ്പെട്ട അൽഫോൻസാ |
| ഓഗസ്റ്റ് | 6 | കർത്താവിന്റെ രൂപാന്തരീകരണം |
| | 15 | മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| | 22 | മാതാവിന്റെ സ്വർഗ്ഗരാജ്ഞിപദത്തിരുനാൾ |
| | 29 | സ്നാപക യോഹന്നാന്റെ ശിരച്ഛേദനം |
| സെപ്തംബർ | 1 | എട്ടു നോമ്പാരംഭം |
| | 8 | മാതാവിന്റെ ജനനത്തിരുനാൾ |
| | 14 | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| | 15 | വ്യാകുല മാതാവ് |
| | 27 | വി. വിൻസെന്റ് ഡി പോൾ |
| | 29 | മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ മാലാഖമാർ |
| ഒക്ടോബർ | 1 | വി. കൊച്ചുത്രേസ്യ |
| | 2 | കാവൽ മാലാഖമാർ |
| | 4 | വി. ഫ്രാൻസിസ് അസ്സീസ്സി |
| | 7 | ജപമാല രാജ്ഞി |
| നവംബർ | 1 | സകല വിശുദ്ധരുടേയും തിരുനാൾ |
| | 2 | സകല മരിച്ചവരുടേയും ഓർമ്മ |
| | 21 | കന്യാമറിയത്തിന്റെ കാഴ്ചവെപ്പു തിരുനാൾ |
| ഡിസംബർ | 3 | വി. ഫ്രാൻസീസ് സേവ്യർ |
| | 8 | അമലോത്ഭവ മാതാവ് |
| | 25 | ക്രിസ്തുമസ്സ് |
| | 28 | ശിശുദിനം |



# 3. കാത്തലിക് ഹയരാർക്കി

- ഹയരാർക്കി
- മാർപ്പാപ്പ
- കർദ്ദിനാൾ
- മെത്രാൻ
- ചാക്രിക ലേഖനങ്ങൾ
- സൂനഹദോസുകൾ
- ബിഷപ്സ് കോൺഫറൻസ്

## ഹയരാർക്കി

ഒരു സമൂഹമായ ദൈവജനത്തിന് രണ്ടു മണ്ഡലങ്ങളുണ്ട് - ഹയരാർക്കിയും അല്മായരും. ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്കുള്ള പുതിയ ദൈവജനത്തിന്റെ യാത്രയിൽ നേതൃത്വം നല്കുന്നവരാണ് ഹയരാർക്കി.

1. കത്തോലിക്കാ സഭയെ നയിക്കുന്നത്:-
   ✡ മാർപ്പാപ്പ
2. സഭാ ഭരണത്തിൽ മാർപ്പാപ്പയെ സഹായിക്കുകയും ഉപദേശങ്ങൾ നല്കുകയും ചെയ്യുന്നവർ:-
   ✡ കർദ്ദിനാൾമാർ
3. ശ്ലീഹന്മാരുടെ പിൻഗാമികളും പ്രാദേശിക സഭകളുടെ തലവന്മാരും (Particular Churches) എന്ന നിലയിൽ സഭയെ നയിക്കുന്നവർ:-
   ✡ മെത്രാന്മാർ
4. ദൈവജനത്തെ പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനും അഭിഷേകിതരായവർ:-
   ✡ വൈദീകർ

## മാർപ്പാപ്പ

- പത്രോസിന്റെ പിൻഗാമി
- മെത്രാൻ സംഘത്തിന്റെ തലവൻ
- റോമിന്റെ മെത്രാൻ
- വത്തിക്കാൻ രാഷ്ട്രത്തിന്റെ പരമാധികാരി
- കത്തോലിക്കരുടെ ആദ്ധ്യാത്മിക പിതാവ്
- കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ

1. സഭയിലെ ആദ്യത്തെ മാർപ്പാപ്പ:-

✡ വി. പത്രോസ്

2. പത്രോസിന്റെ ആദ്യത്തെ പിൻഗാമി

✡ വി. ലിനൂസ്

3. പാപ്പ എന്ന വാക്കിന്റെ അർത്ഥം:-

✡ പിതാവ്

4. മാർപ്പാപ്പയുടെ അപ്രമാദിത്യം വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്:-

✡ 1870-ൽ ഒന്നാം വത്തിക്കാൻ സൂനഹദോസിൽവെച്ച്.

5. ദൈവദാസന്മാരുടെ ദാസൻ എന്ന് ആദ്യമായി സ്വയം വിശേഷിപ്പിച്ച മാർപ്പാപ്പ:-

✡ മഹാനായ ഗ്രിഗറി (590-604)

6. മാർപ്പാപ്പ തെരഞ്ഞെടുപ്പിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണമെന്ന നിയമം കൊണ്ടുവന്ന പാപ്പ:-

✡ അലക്സാണ്ടർ മൂന്നാമൻ (1159-1181)

7. കത്തോലിക്കാ വൈദീകർക്ക് ബ്രഹ്മചര്യം നിർബന്ധമാക്കിയ പാപ്പ:-

✡ ഗ്രിഗറി എട്ടാമൻ (1187)

8. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുക, പെസഹാക്കാലത്ത് കുർബാന സ്വീകരിക്കുക എന്നിവ നിർബന്ധമാക്കിയ പാപ്പ:-

✡ ഇന്നസെന്റ് മൂന്നാമൻ (1198-1216)

9. ഗ്രിഗോറിയൻ കലണ്ടർ പ്രസിദ്ധീകരിച്ച പാപ്പ:-

✡ ഗ്രിഗറി പതിമൂന്നാമൻ (1572-1585)

10. പ്രേഷിത പ്രവർത്തനത്തിനുള്ള തിരുസംഘം സ്ഥാപിച്ച മാർപ്പാപ്പ:-

✡ ഗ്രിഗറി പതിനഞ്ചാമൻ (1621-1623)

11. കുരിശിന്റെ വഴിക്ക് ഔദ്യോഗിക അംഗീകാരം നല്കിയ പാപ്പ:-

✡ ക്ലമന്റ് പന്ത്രണ്ടാമൻ (1730-1740)

12. മാർപ്പാപ്പമാരിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരുടെ എണ്ണം:-

✡ 79

13. ഏറ്റവും കൂടുതൽ കാലം തിരുസഭയെ ഭരിച്ചിട്ടുള്ള മാർപ്പാപ്പമാർ:-

✡ 1. ഒൻപതാം പീയൂസ് (32 വർഷം)

2. ജോൺപോൾ രണ്ടാമൻ (27 വർഷം)



14. മനുഷ്യവർഗ്ഗത്തെ മുഴുവൻ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച മാർപ്പാപ്പ:-

✡ ലെയോ പതിമൂന്നാമൻ

15. സാമൂഹ്യ നീതിക്കുവേണ്ടി ശബ്ദമുയർത്തിയ മാർപ്പാപ്പ:-

✡ ലെയോ പതിമൂന്നാമൻ

16. ദിവ്യകാരുണ്യത്തിന്റെ പാപ്പ, മതബോധനത്തിന്റെ പാപ്പ:-

✡ വി. പത്താം പീയൂസ്

17. ജപമാലയ്ക്ക് രൂപം കൊടുത്ത പാപ്പ:-

✡ പീയൂസ് 5-ാമൻ (1566-1572)

18. മിഷൻ പാപ്പ:-

✡ പതിനൊന്നാം പീയൂസ്

19. ക്രിസ്തുരാജ തിരുനാൾ ആരംഭിച്ചത്:-

✡ പതിനൊന്നാം പീയൂസ് (1925-ൽ)

20. 12-ാം പീയൂസ് മാർപ്പാപ്പയുടെ മുദ്രാവാക്യം:-

✡ സമാധാനം നീതിയുടെ പരിണിത ഫലം

21. പുനരൈക്യത്തിന്റെ പാപ്പ:-

✡ ജോൺ 23-ാമൻ

22. സഭൈക്യ കാര്യാലയം സ്ഥാപിച്ച മാർപ്പാപ്പ:-

✡ ജോൺ 23-ാമൻ (1960-ൽ)

23. 80 വയസ്സ് തികഞ്ഞ കർദ്ദിനാൾമാരെ മാർപ്പാപ്പാ തെരഞ്ഞെടുപ്പിൽനിന്നും മാറ്റുന്ന കല്പന പുറപ്പെടുവിച്ച മാർപ്പാപ്പ:-

✡ പോൾ ആറാമൻ

24. ആദ്യമായി വിദേശ സന്ദർശനം നടത്തിയ പാപ്പ:-

✡ പോൾ ആറാമൻ

25. ആദ്യമായി ഇന്ത്യ സന്ദർശിച്ച മാർപ്പാപ്പ:-

✡ പോൾ ആറാമൻ (1964-ൽ)

26. 34 ദിവസം മാത്രം തിരുസഭയെ ഭരിച്ച മാർപ്പാപ്പ:-

✡ ജോൺ പോൾ ഒന്നാമൻ

27. **ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ:**

- പാവങ്ങളുടെ പാപ്പ
- പോളണ്ടുകാരനായ ആദ്യത്തെ മാർപ്പാപ്പ
- കേരളം സന്ദർശിച്ച ഏക പാപ്പ (1986-ൽ)
- തീർത്ഥാടകനായ പാപ്പ
- പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയിൽ ഉൾപ്പെടുത്തിയ പാപ്പ

| | |
|---|---|
| ജനനം | - 1920 മെയ് 18 |
| വൈദീകനായത് | - 1946 നവം 1 |
| മാർപ്പാപ്പയായത് | - 1978 ഒക്ടോബർ 16 |
| ആദ്യത്തെ പേര് | - കരോൾ വോയ്റ്റിവ |
| മരണമടഞ്ഞത് | - 2005 ഏപ്രിൽ 2 |

28. **ബെനഡിക്ട് 16-ാം പാപ്പ:-**

പത്രോസിന്റെ 265-ാമത്തെ പിൻഗാമി

| | |
|---|---|
| ജനനം | - 1927 ഏപ്രിൽ 16 |
| വൈദികനായത് | - 1951 ജൂൺ 29 |
| മെത്രാനായത് | - 1977 മാർച്ച് 24 |
| കർദ്ദിനാളായത് | - 1977 ജൂൺ 27 |
| മാർപ്പാപ്പയായത് | - 2005 ഏപ്രിൽ 19 |
| ആദ്യത്തെപേര് | - റാറ്റ്സിംഗർ |

29. ആധുനിക കാലത്തെ മാർപ്പാപ്പമാർ:-

| | |
|---|---|
| ✡ ഒൻപതാം പീയൂസ് | : 1846-1878 |
| ✡ ലെയോ പതിമൂന്നാമൻ | : 1878-1903 |
| ✡ വി. പത്താം പീയൂസ് | : 1903-1914 |
| ✡ ബെനഡിക്ട് 15-ാമൻ | : 1914-1922 |
| ✡ പതിനൊന്നാം പീയൂസ് | : 1922-1939 |
| ✡ പന്ത്രണ്ടാം പീയൂസ് | : 1939-1958 |
| ✡ ജോൺ 23-ാമൻ | : 1958-1963 |
| ✡ പോൾ ആറാമൻ | : 1963-1978 |
| ✡ ജോൺ പോൾ ഒന്നാമൻ | : 1978-1978 |
| ✡ ജോൺ പോൾ രണ്ടാമൻ | : 1978-2005 |
| ✡ ബെനഡിക്ട് 16-ാമൻ | : 2005- ...... |



## കർദ്ദിനാൾ

1. സഭാ ഭരണത്തിൽ മാർപ്പാപ്പയെ സഹായിക്കുകയും ഉപദേശങ്ങൾ നല്കുകയും ചെയ്യുന്നവർ:-

   ✡ കർദ്ദിനാൾമാർ

2. കർദ്ദിനാൾ സംഘത്തെ പൊതുവിൽ പറയുന്ന പേര്:-

   ✡ കോളേജ് ഓഫ് കാർഡിനൽസ്

3. കർദ്ദിനാൾമാരുടെ തെരഞ്ഞെടുപ്പ് മാർപ്പാപ്പയ്ക്കുമാത്രം അവകാശപ്പെട്ടതാണെന്ന് നിശ്ചയിച്ചത്:-

   ✡ 1179-ൽ

4. ഭാരതീയരായ കർദ്ദിനാൾമാർ:-

| | |
|---|---|
| 1. വലേറിയൻ ഗ്രേഷ്യസ് | - ബോംബെ (RIP) |
| 2. ജോസഫ് പാറേക്കാട്ടിൽ | - എറണാകുളം (RIP) |
| 3. ലോറൻസ് പിക്കാച്ചി | - കൽക്കട്ട (RIP) |
| 4. ആന്റണി പടിയറ | - എറണാകുളം (RIP) |
| 5. സൈമൺ പിമെന്റ | - ബോംബെ |
| 6. സൈമൺ ലൂർദ്ദുസാമി | - പോണ്ടിച്ചേരി |
| 7. ഐവാൻ ഡയസ് | - ബോംബെ |
| 8. വർക്കി വിതയത്തിൽ | - എറണാകുളം (RIP) |
| 9. ടെലസ്ഫോർ ടോപ്പോ | - റാഞ്ചി |

5. കേരളത്തിലെ കർദ്ദിനാൾമാർ:-

| | |
|---|---|
| 1. ജോസഫ് പാറേക്കാട്ടിൽ | - 1969-1987 |
| 2. ആന്റണി പടിയറ | - 1988-2000 |
| 3. വർക്കി വിതയത്തിൽ | - 2001-2011 |

## മെത്രാൻ

1. അപ്പസ്തോലന്മാരുടെ പിൻഗാമി:-

   ✡ മെത്രാൻ

2. മെത്രാന്റെ നേതൃത്വത്തിലുള്ള സമൂഹം:-

   ✡ രൂപത

3. അതിരൂപതയുടെ മെത്രാൻ:-

   ✡ മെത്രാപ്പോലീത്താ

4. ഇന്നത്തെ കത്തോലിക്കാ സഭയിലെ നാല് വിവിധ സഭകൾ:-

✡ പാത്രിയർക്കൽ സഭകൾ, മേജർ ആർക്കി എപ്പിസ്കോപ്പൽ, മെത്രാപ്പോലീത്തൻ സഭകൾ, എപ്പിസ്ക്കോപ്പൽ സഭകൾ എന്നിവ.

5. തന്റെ ഭരണാതിർത്തിക്കുള്ളിലോ, റീത്തിലോ ഉൾപ്പെട്ട മെത്രാപ്പോലീത്താമാർ ഉൾപ്പെടെയുള്ള വൈദീകരുടേയും വിശ്വാസികളുടെയും മേൽ നിയമാനുസൃതം അജപാലന അധികാരമുള്ള മെത്രാൻ:-

✡ പാത്രിയർക്കീസ്

6. റോമാ സാമ്രാജ്യത്തിലെ അതിപ്രധാന പാത്രിയർക്കേറ്റുകൾ (സഭയുടെ പെന്റാർക്കി):-

✡ അലക്സാണ്ട്റിയ, അന്ത്യോക്യ, റോമാ, കോൺസ്റ്റാന്റിനോപ്പിൾ, ജെറുസലേം എന്നിവ.

7. നിഖ്യാ സൂന്നഹദോസ് (എ.ഡി 325) അംഗീകരിച്ചിട്ടുള്ള 3 പാത്രിയർക്കീസ് കേന്ദ്രങ്ങൾ:-

✡ അലക്സാണ്ട്റിയ, അന്ത്യോക്യാ, റോമാ എന്നിവ

8. ഇപ്പോഴുള്ള പാത്രിയാർക്കൽ സഭകൾ:-

✡ ലത്തീൻ, മാറോനൈറ്റ്, കാൽദിയാൻ, കോപ്റ്റിക്, സിറിയൻ, മെൽക്കൈറ്റ്, അർമേനിയൻ എന്നീ ഏഴു സഭകൾ

9. പാത്രിയാർക്കൽ സഭകളുടേതിന് തുല്യമായ അധികാരവും നിയമ സംവിധാനവുമുള്ള സഭ:-

✡ മേജർ ആർക്കി എപ്പിസ്കോപ്പൽ

10. ഇപ്പോഴുള്ള മേജർ ആർക്കി എപ്പസ്കോപ്പൽ സഭകൾ:-

✡ ഉക്രേനിയൻ, സീറോ-മലബാർ, സീറോ മലങ്കര

11. സീറോ-മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പായി കർദ്ദിനാൾ ആന്റണി പടിയറയെ നിയമിച്ചത്:-

✡ 1992 ഡിസംബർ 16-ന്

